# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 04 വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 195 –നമ്പർ  1

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 04 വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

**അംഗങ്ങൾ**

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ)(എസ്.സി)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ)(എസ്.സി)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര)(എസ്.സി)
17. ശ്രീമതി സി. കെ. ആശ (വൈക്കം) (എസ്.സി)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി)(എസ്.ടി)
25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)
26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
27. ശ്രീ. ചാണ്ടി ഉമ്മൻ (പുതുപ്പള്ളി)
28. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)
29. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)

30. ശ്രീമതി ദെലീമ (അരൂർ)
31. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
32. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
33. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ)(എസ്.സി)
34. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)
35. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
36. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
37. ഡോ. കെ. ടി. ജലീൽ (തവനൂർ)
38. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)
39. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
40. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
41. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)
42. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)
43. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
44. ശ്രീ. വി. ജോയി (വർക്കല)
45. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി)(എസ്.ടി)
46. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
47. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)
48. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)
49. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)
50. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ)(എസ്.സി)
51. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)
52. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)
53. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)
54. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)
55. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)
56. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)
57. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
58. ശ്രീ. മാണി സി. കാപ്പൻ (പാലാ)
59. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)
60. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

61. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
62. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)
63. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)
64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
65. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)
66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
67. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)
68. ശ്രീ. എം. മുകേഷ് (കൊല്ലം)
69. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക)(എസ്.സി)
70. ഡോ. എം. കെ. മുനീർ (കൊടുവള്ളി)
71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)
72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)
73. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)
74. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)
75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)
76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)
77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)
78. ശ്രീ. പ്രമോദ് നാരായണൻ (റാന്നി)
79. ശ്രീ. പി. പ്രസാദ് (ചേർത്തല)
80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)
81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)
82. ശ്രീമതി യു. പ്രതിഭ (കായംകുളം)
83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)
84. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
85. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)
86. ശ്രീ. എ. രാജ (ദേവികുളം)(എസ്.സി)
87. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)
88. ശ്രീ. കെ. രാജൻ (ഒല്ലൂർ)
89. ശ്രീ. പി. രാജീവ് (കളമശ്ശേരി)
90. ശ്രീ. എം. ബി. രാജേഷ് (തൃത്താല)
91. ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)
93. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
95. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)
96. ശ്രീമതി കെ. കെ. രമ (വടകര)
97. ശ്രീ. റോജി എം. ജോൺ (അങ്കമാലി)
98. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
99. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി)(എസ്.സി)
100. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)
101. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)
102. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)
103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
104. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)
105. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്)(എസ്.സി)
106. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)
107. ശ്രീ. വി. ശശി (ചിറയിൻകീഴ്)(എസ്.സി)
108. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
109. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
110. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)
111. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)
112. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
113. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)
114. ശ്രീ. വി. ശിവൻകുട്ടി (നേമം)
115. ശ്രീ. വാഴൂർ സോമൻ (പീരുമേട്)
116. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്)(എസ്.സി)
117. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)
118. ഡോ. സുജിത് വിജയൻപിള്ള (ചവറ)
119. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)
120. ശ്രീ. പി. പി. സുമോദ് (തരൂർ)(എസ്.സി)
121. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)
124. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
125. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
126. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)
127. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
128. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)
129. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ (വൈപ്പിൻ)
130. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)
131. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)
132. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
133. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
134. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)
135. ശ്രീ. എം. വിൻസെന്റ് (കോവളം)
136. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)
137. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)
138. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

**വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക**

**ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി**

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തിരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ആൻഡ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. ഒ. ആർ. കേളു : പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ  വകുപ്പുമന്ത്രി**

പട്ടികജാതി ക്ഷേമം

പട്ടികവർഗ്ഗ ക്ഷേമം

പിന്നാക്കസമുദായ ക്ഷേമം

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവെ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ

സർവെയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈൽസും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

പാർലമെന്ററികാര്യം

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി**

രജിസ്ട്രേഷൻ

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി**

തുറമുഖം

സഹകരണം

ദേവസ്വം

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.16063/Table-1/2024/Leg. Thiruvananthapuram, 19th September, 2024.

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Twelfth Session at 09.00 a.m. on Friday, 4th October, 2024 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ പന്ത്രണ്ടാം സമ്മേളനത്തിലേയ്ക്കായി 2024 ഒക്ടോബർ 4-ാം തീയതി, വെള്ളിയാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,

DR. N. Krishna Kumar,
Secretary,
Kerala Legislative Assembly.

# ഉള്ളടക്കം

പേജ് നം

**ചരമോപചാരം**

വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകളിൽ മരണപ്പെട്ടവരെ
സംബന്ധിച്ച റഫറൻസ്

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 4, വെള്ളി

---

വാല്യം 195} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 1

---

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2024 ഒക്ടോബർ മാസം 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

മി. സ്പീക്കർ: ഓർഡർ........... ഓർഡർ.............

**ചരമോപചാരം**

വയനാട്, വിലങ്ങാട് ഉരുൾപൊട്ടലുകളിൽ മരണപ്പെട്ടവരെ സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: 2024 ജൂലൈ 29-ന് അർധരാത്രി കഴിഞ്ഞുള്ള സമയത്താണ് വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ മുണ്ടെക്കൈ, ചൂരൽമല, അട്ടമല, പുഞ്ചിരിമറ്റം എന്നീ പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ദുരന്തമുണ്ടായത്. 403 പേരുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതി ദുരന്തങ്ങളിൽ ഒന്നാണിത്. അതേദിവസംതന്നെ കോഴിക്കോട് ജില്ലയിലെ വിലങ്ങാടുണ്ടായ ഉരുൾപൊട്ടലിൽ ഒരു ജീവൻ പൊലിയുകയും നിരവധി വീടുകൾ ഒലിച്ചുപോകുകയും അതിലേറെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും വ്യാപകമായ കൃഷിനാശമുണ്ടാകുകയും ചെയ്തു. ഇത്രയും മനുഷ്യ ജീവനുകൾ കവർന്ന മറ്റൊരു ദുരന്തത്തെ കേരളത്തിന് ഇതുവരെ നേരിടേണ്ടിവന്നിട്ടില്ല. തോരാതെ പെയ്ത മഴയും ഒരു മണിക്കൂറിൽ പെയ്ത മഴയുടെ അളവിലുള്ള അത്ഭുതപൂർവ്വമായ വർദ്ധനയുമെല്ലാം ഈ ഉരുൾപൊട്ടലിന് കാരണമായിട്ടുണ്ട്.

കരകവിഞ്ഞും ദിശമാറിയും ഒഴുകിയ പുഴ സമീപപ്രദേശങ്ങളെയാകെ തുടച്ചെടുത്താണ് ഒഴുകി നീങ്ങിയത്. പാലം തകർന്ന് ഗതാഗതം തടസ്സപ്പെട്ടും പ്രതികൂല കാലാവസ്ഥയും മറ്റും കാരണം രക്ഷാപ്രവർത്തനം വലിയ വെല്ലുവിളിയായി.

പ്രകൃതി സൗന്ദര്യംകൊണ്ട് എപ്പോഴും നമ്മെ മാടിവിളിച്ചിരുന്ന ചൂരൽമലയും മേപ്പാടിയുമടക്കമുള്ള വയനാടൻ ഗ്രാമങ്ങൾ താങ്ങാനാവാത്ത ഹൃദയവേദനയായി മാറി. കേരളത്തിനുണ്ടായ ഈ ഉണങ്ങാത്ത മുറിപ്പാട് നമ്മളെയെല്ലാം നീറ്റുന്നുണ്ട്. മഴ കനക്കുമ്പോഴെല്ലാം മനം കലക്കുന്ന ഭീതിദമായ ഓർമ്മകൾ ബാക്കിയാക്കുന്ന ഒന്നായിമാറി വയനാട് ദുരന്തം. നൂറുകണക്കിന് ജീവനുകളാണ് മണ്ണിനടിയിലായത്. ഓരോ ദിവസം പിന്നിടുമ്പോഴും മരണസംഖ്യ ഉയർന്നുകൊണ്ടിരുന്നപ്പോൾ ഉരുൾപൊട്ടലിന്റെ ഭീകരത കൂടുതൽ കൂടുതൽ വെളിപ്പെടുകയായിരുന്നു. സന്നദ്ധപ്രവർത്തകർ കണ്ടെത്തിയ ഏതാനും ശരീരഭാഗങ്ങളിലൂടെ തങ്ങളുടെ മരണമറിയിക്കുന്ന പ്രിയപ്പെട്ടവരെയോർത്ത് പകച്ചുനിൽക്കുന്ന സഹോദരങ്ങളോടൊപ്പം നമ്മുടെയെല്ലാം മനസ്സുപിടഞ്ഞു. പുറത്തുവന്നുകൊണ്ടിരുന്ന വാർത്തകൾ

കേരള ജനതയെയാകെ പരിഭ്രാന്തിയിലാഴ്ത്തുന്നതായിരുന്നു. ആദ്യം ഉരുൾപൊട്ടലുണ്ടായപ്പോൾ താൻ ജോലി ചെയ്യുന്ന സ്വകാര്യ ആശുപത്രിയിലേയ്ക്ക് സഹായം അഭ്യർഥിച്ച് വിളിച്ച നീതു ജോജോയെക്കുറിച്ചുള്ള വാർത്ത പിന്നീട് വായിച്ചപ്പോൾ മരണത്തെ മുഖാമുഖം കണ്ട എത്രയോ പേരുടെ നിലവിളികളാണ് ഉള്ളിൽ വന്നലയ്ക്കുന്നത്. നാടിന്റെ പൊന്നോമനകളായി വളർന്ന വെള്ളാർമല ജി.വി.എച്ച്.എസ്.എസ്.-ലെ കുരുന്നുകൾ, അവരെക്കുറിച്ച് അധ്യാപകരും നാട്ടുകാരും നിരന്തരം പങ്കുവച്ച ഓർമ്മകൾ എന്നിവ ഹൃദയം നുറുങ്ങുന്ന വേദനയോടെയാണ് ഓരോ മലയാളിയും ഏറ്റുവാങ്ങിയത്. ഒരു കുടുംബം ഒന്നാകെ നഷ്ടപ്പെട്ടതിനേക്കാൾ നടുക്കുന്നതാണ് കുടുംബത്തെ മുഴുവൻ നഷ്ടപ്പെട്ട് ഒറ്റയ്ക്കായ ശ്രുതിയെപ്പോലുള്ളവർ. അമ്മയെ വേർപിരിഞ്ഞ കുഞ്ഞുങ്ങളെയോർത്ത്, മക്കൾ നഷ്ടപ്പെട്ട വൃദ്ധരായ മാതാപിതാക്കളെയോർത്ത്, എല്ലുമുറിയെ പണിയെടുത്ത് സ്വരുക്കൂട്ടിയതും വളർത്തുമൃഗങ്ങളും ഭൂമിയുമടക്കം എല്ലാം നഷ്ടപ്പെട്ട് നിസ്സഹായരായി നിന്ന മനുഷ്യരെയോർത്ത് ഒരു തേങ്ങൽ എല്ലാവരുടെയും തൊണ്ടയിൽ കുടുങ്ങിയിരിക്കണം.

മുഖ്യധാരാ മാധ്യമങ്ങളിൽനിന്ന് വയനാട് ഉരുൾപൊട്ടൽ ദുരന്തവാർത്തകൾ അപ്രത്യക്ഷമായെങ്കിലും ദുരന്തബാധിതരുടെ അതിജീവനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ദ്രുതഗതിയിൽ മുന്നേറുകയാണ്. പരിപൂർണ്ണമായും തുടച്ചുനീക്കപ്പെട്ട ദുരന്തമുഖത്ത് പകച്ചുനിൽക്കാതെ രക്ഷാപ്രവർത്തനത്തിന് കേരളമൊന്നാകെ മുന്നിട്ടിറങ്ങുകയായിരുന്നു. സൈന്യവും പോലീസും ഫയർഫോഴ്സും വനപാലകരും മാത്രമല്ല സന്നദ്ധസേനകളും മറ്റ് യുവജനസംഘടനകളും സർക്കാർ ജീവനക്കാരും നാട്ടുകാരുമെല്ലാം കക്ഷിരാഷ്ട്രീയ ഭേദമന്യേ ജാതി-മത വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനത്തിൽ അണിനിരന്നു. ദുരന്തബാധിതരെ സഹായിക്കാൻ ലോകത്തെമ്പാടുനിന്നും മനുഷ്യസ്നേഹികൾ മുന്നോട്ടുവന്നു. കോടിക്കണക്കിന് രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എത്തിയത്. കൂലിപ്പണിക്കാർ മുതൽ അതിസമ്പന്നർവരെ സഹായം നൽകി. ദുരന്തത്തിന്റെയും രക്ഷാപ്രവർത്തനങ്ങളുടെയും വാർത്തകൾ അഭിനന്ദനാർഹമായ രീതിയിലാണ് മാധ്യമങ്ങൾ നൽകിയത്. എന്നാൽ ഊർജിതമായി നടക്കുന്ന

പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നതാണ് യാഥാർഥ്യം. ഒരു മാസം തികയുന്നതിനുമുമ്പേ ദുരന്തബാധിതരെ ക്യാമ്പുകളിൽനിന്ന് വാസസ്ഥലം കണ്ടെത്തി പുനരധിവസിപ്പിച്ചത് വലിയ വാർത്തയാകേണ്ട മാതൃകാപരമായ ഒരു കാര്യമായിരുന്നു. ദുരന്തത്തിൽ കേരളത്തോടൊപ്പം നിൽക്കുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ ഏറെ പ്രതീക്ഷയോടെയാണ് മലയാളികൾ നോക്കിക്കാണേണ്ടത്. അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ഇന്ത്യ മെറ്റിയോറോളജിക്കൽ ഡിപ്പാർട്ട്മെന്റ്, നാഷണൽ സിസ്മിക് സെന്റർ, ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ സെന്ററുകളും അത്യാധുനിക പഠനസൗകര്യങ്ങളുള്ള പ്രാദേശിക ഓഫീസുകളും സംസ്ഥാനത്ത് ആരംഭിക്കാൻ കേന്ദ്ര സർക്കാർ മുൻകൈയെടുക്കുന്നത് നന്നാവും. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ പ്രത്യേകം മനസ്സിലാക്കുന്നതിന് ആവശ്യമായ പഠനം നടത്താനും തയ്യാറാകേണ്ടതുണ്ട്. അങ്ങനെ

കണ്ടെത്തുന്ന പ്രദേശങ്ങളിൽനിന്നും ജനതയെ പൂർണ്ണമായും മാറ്റി പുനരധിവസിപ്പിക്കാൻ പാക്കേജും ആവശ്യമാണ്. ഇനിയൊരു ദുരന്തമുണ്ടാകുമ്പോൾ നടക്കേണ്ട ചർച്ചയല്ല ഇത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ ഉരുൾപൊട്ടൽപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാനുള്ള സാധ്യതയുണ്ടെന്നാണ് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. അത്തരം ദുരന്തങ്ങളിൽ മനുഷ്യർക്കും മറ്റുജീവജാലങ്ങൾക്കും ജീവഹാനിയുണ്ടാകാൻ പാടില്ല. അതിനുള്ള മുൻകരുതലുകൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെയും കൂടിയാലോചനകളിലൂടെയും രൂപപ്പെടുത്തി സമയബന്ധിതമായി നടപ്പാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട മനുഷ്യരുടെ അത്യഗാധമായ ദുഃഖത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു. നാടിനെ നടുക്കിയ പ്രകൃതി ദുരന്തത്തിൽ നമ്മെ വിട്ടുപിരിഞ്ഞ എല്ലാ സഹോദരങ്ങൾക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു. അതോടൊപ്പം മഹത്തായ മാനവികതയുടെ അടയാളമായി വയനാടിനെയും കോഴിക്കോട് ജില്ലയിലെ വിലങ്ങാട്

മേഖലയെയും കരകയറ്റാൻ ഊണും ഉറക്കവും ഉപേക്ഷിച്ച് പ്രയത്നിച്ച വിവിധ വിഭാഗം സേനാംഗങ്ങളോടും നാട്ടുകാരോടും സന്നദ്ധ സംഘടനകളോടും സർക്കാർ സംവിധാനങ്ങളോടും രാഷ്ട്രീയകക്ഷികളോടുമെല്ലാമുള്ള എല്ലാവിധ ആദരവുകളും അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എല്ലാ ഭാഗവും ചേർത്തുകൊണ്ടുള്ള സമഗ്രമായ പരാമർശമാണ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പൂർണ്ണമായും അതിനോട് യോജിക്കുന്നു. വലിയ തോതിൽ കൂട്ടിച്ചേർക്കാനില്ല എന്നതാണ് വസ്തുത. വിശദമായിത്തന്നെ കാര്യങ്ങൾ അങ്ങ് വിശദീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ 2024 ജൂലൈ 30-ന് പുലർച്ചെ, വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ മുണ്ടക്കൈ, ചൂരൽമല പ്രദേശത്തുണ്ടായ ഉരുൾപൊട്ടൽ സമാനതകളില്ലാത്ത മഹാദുരന്തമാണ് സൃഷ്ടിച്ചത്. ഒരു പ്രദേശമാകെ തകർന്നുപോകുന്ന സാഹചര്യമാണുണ്ടായത്. രാജ്യത്ത് ഇന്നുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഏറ്റവും വലിയ ഉരുൾപൊട്ടലുകളുടെ ഗണത്തിൽപ്പെടുന്നതാണ് ഈ ദുരന്തം. ദേശീയ-അന്തർദേശീയ തലങ്ങളിലെ ശാസ്ത്രജ്ഞർ ചേർന്ന് പ്രസിദ്ധീകരിച്ച

ശാസ്ത്രലേഖനത്തിൽ മണിക്കൂറിൽ 100 കിലോമീറ്റർ വേഗതയിൽ 5.72 ദശലക്ഷം ഘനമീറ്റർ അവശിഷ്ടങ്ങൾ ഒഴുകിയെത്തിയെന്നാണ് കണക്കാക്കിയിരിക്കുന്നത്. 32 മീറ്റർ വരെ ഉയരത്തിലാണ് അവശിഷ്ടങ്ങൾ ഒഴുകിയെത്തിയത്. കാലാവസ്ഥാ വ്യതിയാനംമൂലം പ്രാദേശികമായുണ്ടാകുന്ന അതിതീവ്രമഴയാണ് ഈ ഉരുൾപൊട്ടലിന് കാരണമായത്. ഈ പ്രദേശത്തോട് ഏറ്റവും അടുത്തുള്ള കള്ളാടിയിലെ ഔദ്യോഗിക മഴ മാപിനിയിൽ ജൂലൈ 29-ന് 200.2 മില്ലീമീറ്ററും 30-ന് 372.6 മില്ലീമീറ്ററും മഴയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പുഞ്ചിരിമറ്റം, മുണ്ടക്കൈ, ചൂരൽമല, അട്ടമല എന്നീ സ്ഥലങ്ങളെ നേരിട്ട് ബാധിച്ച ഈ ദുരന്തത്തിൽ 231 ജീവനുകൾ നഷ്ടപ്പെടുകയും 47 വ്യക്തികളെ കാണാതാകുകയും ചെയ്തിട്ടുണ്ട്. 145 വീടുകൾ പൂർണ്ണമായും 170 എണ്ണം ഭാഗികമായും തകർന്നു. 240 വീടുകൾ വാസയോഗ്യമല്ലാതാകുകയും 183 വീടുകൾ ഒഴുകിപ്പോകുകയും ചെയ്തു. ശാസ്ത്രീയപഠനത്തിന്റെ വെളിച്ചത്തിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തിയിരിക്കുന്ന സ്ഥലങ്ങളിലാകട്ടെ കൂടുതൽ വീടുകളുമുണ്ട്. കടകൾ, ജീവനോപാധികൾ, വാഹനങ്ങൾ, കൃഷി, വളർത്തുമൃഗങ്ങൾ എന്നിവയെല്ലാം

ചേർന്ന് ചുരുങ്ങിയത് 1200 കോടി രൂപയുടെ നഷ്ടമെങ്കിലും മേപ്പാടിയിലുണ്ടായിട്ടുണ്ട്.

സർ, ഇതേദിവസം തന്നെയാണ് കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിലെ വിലങ്ങാട്ടും ഉരുൾപൊട്ടലുണ്ടായത്. കോഴിക്കോട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കണക്കുപ്രകാരം 48 മണിക്കൂറിൽ 307 മില്ലീമീറ്റർ മഴയാണ് വിലങ്ങാട് രേഖപ്പെടുത്തപ്പെട്ടത്. അവിടെ ഒരു വിലപ്പെട്ട ജീവനും വീടുകൾ, കടകൾ, ജീവനോപാധികൾ, വാഹനങ്ങൾ, കൃഷി, വളർത്തുമൃഗങ്ങൾ എന്നിവയും നഷ്ടപ്പെട്ടിട്ടുണ്ട്. ചുരുങ്ങിയത് 217 കോടി രൂപയുടെ നഷ്ടമെങ്കിലും വിലങ്ങാട് ഉണ്ടായിട്ടുണ്ട്. മനുഷ്യന്റെ ഇടപെടലുകൾ ഒട്ടും തന്നെയില്ലാത്തതും വനത്തിലുള്ളതുമായ പ്രഭവ കേന്ദ്രത്തിൽനിന്ന് കിലോമീറ്ററുകൾ അകലെയുള്ള പ്രദേശങ്ങളെപ്പോലും തകർത്ത് തരിപ്പണമാക്കിയാണ് മേപ്പാടിയിൽ ഉരുൾ പൊട്ടിയിറങ്ങിയത്. വിലങ്ങാട്ടും മേപ്പാടിയിലും ജനങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാഭരണ സംവിധാനങ്ങളുടെയും ജാഗ്രതയുടെ ഫലമായി നിരവധി ജീവനുകൾ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മേപ്പാടിയിലെ ദുരന്തത്തെ അതിജീവിച്ച 794 കുടുംബങ്ങൾ നിലവിൽ വാടക വീടുകളിലാണ് താമസിക്കുന്നത്. വിലങ്ങാടിൽ 30 കുടുംബങ്ങളാണ് വാടക വീടുകളിൽ കഴിയുന്നത്. മേപ്പാടിയിലെ അതിജീവിതർക്കായി സുരക്ഷിതമായ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വിലങ്ങാടിലും സമഗ്രമായ പുനരധിവാസം ഉറപ്പുവരുത്താനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. രണ്ടിടങ്ങളിലെയും അതിജീവിതർക്ക് ആവശ്യമായ അടിയന്തര സഹായങ്ങളെല്ലാംതന്നെ സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായി അടിക്കടി പ്രകൃതിദുരന്തങ്ങളുണ്ടാകുന്ന നാടായി കേരളം മാറുന്നു. ഇനിയും ആവർത്തിക്കപ്പെടാൻ സാധ്യതയുള്ള ഇത്തരം ദുരന്തങ്ങളെ പ്രതിരോധിക്കാനും അവയുടെ ആഘാതം പരമാവധി ലഘൂകരിക്കാനും സംസ്ഥാന സർക്കാർ ഒരു Climate Change Adaptation Mission രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കേരള കേന്ദ്രീകൃത ഗവേഷണങ്ങൾ നടത്താനായി Institute for Climate

Change Studies (ICCS) എന്ന സ്ഥാപനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. കാലാവസ്ഥാ പ്രവചനം ശക്തിപ്പെടുത്തുന്ന വിധത്തിൽ റഡാറുകൾ ഉൾപ്പെടെ കൂടുതൽ നിരീക്ഷണ സംവിധാനങ്ങൾ കേരളത്തിന് ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉരുൾപൊട്ടൽ പ്രവചനം മെച്ചപ്പെടുത്തുന്നതിന് ദേശീയ ഏജൻസികളുടെ ഗവേഷണം ശക്തിപ്പെടുത്തണമെന്നും അവയുടെ പ്രാദേശിക കേന്ദ്രങ്ങൾ കേരളത്തിൽ ആരംഭിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയംതന്നെ ശാസ്ത്രീയമായ ഭൂവിനിയോഗം സാധ്യമാക്കുന്നതിനും അപകട സൂചന മുൻകൂട്ടി നൽകുന്നതിനുള്ള പ്രാദേശിക സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് സംസ്ഥാന സർക്കാർ. ഇതിനൊക്കെ പുറമെ ഇപ്പോഴുണ്ടായ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മേപ്പാടിയിലെയും വിലങ്ങാടിലെയും ഉരുൾപൊട്ടലുകൾ ശാസ്ത്രീയ വിശകലനങ്ങൾക്ക് വിധേയമാക്കി വരികയാണ്. ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും ഫലപ്രദമായി ചെറുക്കുന്നതിനും അവയുടെ

ഫലമായുണ്ടാകുന്ന ദുരന്തങ്ങളെ അതിജീവിക്കുന്നതിനും കേരളത്തിന് ശാസ്ത്രലോകത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും ആഗോളതലത്തിലെ വിദഗ്ദ്ധരുടെയും പൊതുസമൂഹത്തിന്റെയാകെയും പിന്തുണയും സഹകരണവും ആവശ്യമാണെന്ന് ഈ സഭ വിലയിരുത്തേണ്ടതുണ്ട്.

ദുരന്തത്തെ അതിജീവിച്ചവരെ ചേർത്തുപിടിച്ചുകൊണ്ട് അവർക്ക് കൂടുതൽ മെച്ചപ്പെട്ടതും സുരക്ഷിതവുമായ ഒരു ജീവിതം പുനഃസ്ഥാപിച്ച് നൽകാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. അത്തരം പ്രവർത്തനങ്ങൾക്ക് ഈ സഭ പൂർണ്ണ പിന്തുണ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വയനാട്ടിലെ മേപ്പാടിയിലും കോഴിക്കോട് വിലങ്ങാടിലുമുണ്ടായ ദുരന്തങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാന്യനായ മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. വയനാട് ദുരന്തം

നമ്മുടെയെല്ലാവരുടെയും മനസ്സിലുണ്ടാക്കിയ നോവ് നമ്മുടെ ജീവിതാവസാനം വരെ കൂടെയുണ്ടാകും. അവിടെയുള്ളവരുടെ സങ്കടങ്ങളും നൊമ്പരങ്ങളും കാലത്തിന് മായ്ച്ചുകളയാൻ കഴിയാത്തതാണ്. സമീപകാലത്ത് നമ്മൾ ദർശിച്ച ഏറ്റവും വലിയ സങ്കടമാണ് വയനാടിൽ കണ്ടത്. ഇവിടെ പറഞ്ഞതുപോലെ, നിരവധി ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു, ഒരുപാടുപേർ അനാഥരായി. കുഞ്ഞുങ്ങൾ മാത്രം അവശേഷിച്ച വീടുകളുണ്ട്, പ്രായമായവർ മാത്രം അവശേഷിച്ച വീടുകളുണ്ട്, ബന്ധുക്കളെ മുഴുവൻ നഷ്ടപ്പെട്ടവരുണ്ട്, ആരും ബാക്കിയാകാത്ത 67-ഓളം കുടുംബങ്ങളുണ്ട്. ഓരോ കുടുംബത്തിനും ഓരോ തരത്തിലുള്ള സങ്കടമാണുള്ളത്. വീടുകൾ നഷ്ടപ്പെട്ടവരുണ്ട്, ജീവിതവൃത്തിയും ഉപജീവന മാർഗങ്ങളും നഷ്ടപ്പെട്ടവരുണ്ട്. ഒരുപാട് കടബാധ്യതകളുള്ളവരുണ്ട്. ഇനി കൃഷി ചെയ്ത് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് അവർക്കുള്ളത്. അവിടെ ബാക്കിയുള്ളവരും അപകടത്തിന്റെ ഭീഷണിയിലാണ് ഇപ്പോഴും ജീവിക്കുന്നത്, അവരെയും നമുക്ക് മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും നടത്തിയപ്പോൾ ഒരുകാലത്തുമില്ലാത്ത തരത്തിലുള്ള

പൂർണ്ണമായ പിന്തുണ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായി. തീർച്ചയായും ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ ആ പിന്തുണയുണ്ടാകുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. അതേ അവസരത്തിൽതന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാകരുത്, കുറേക്കൂടി വേഗത്തിലാകണം, വിമർശനങ്ങൾ ക്ഷണിച്ചുവരുത്തരുത് എന്നാണ് പറയാനുള്ളത്. ആരംഭശൂരത്വം കാട്ടിയെന്ന് പറഞ്ഞ് പലപ്പോഴും ഭരണകൂടങ്ങളെ ആളുകൾ അധിക്ഷേപിക്കാറുണ്ട്. ആ സ്ഥിതി ഉണ്ടാകരുത്. ഇതൊരു മാതൃകാപരമായ ദുരിതാശ്വാസ പ്രവർത്തനമായി, പുനരധിവാസ പ്രക്രിയയായി മാറണം. രാജ്യത്തിലെ തന്നെ ഏറ്റവും മാതൃകാപരമായ പ്രവർത്തിയായി മാറണം. കമ്മ്യൂണിറ്റി ലിവിംഗിനെക്കുറിച്ചും ടൗൺഷിപ്പിനെക്കുറിച്ചുമൊക്കെയുള്ള വിശാലമായ ആലോചനകൾ നമ്മുടെ ഭാഗത്തുണ്ട്. അതെല്ലാം ഒരു ടൈം ഷെഡ്യൂൾ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. ഭാരിച്ച ചെലവുകൾ തീർച്ചയായുമുണ്ടാകും. പൊതുസമൂഹത്തിന്റെ പിന്തുണയോടുകൂടി ആയിരിക്കണം അത് നിർവ്വഹിക്കപ്പെടേണ്ടത്. ബഹുമാനപ്പെട്ട

പ്രധാനമന്ത്രിയുടെ സന്ദർശനത്തിനുശേഷം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് വലിയൊരു സഹായമുണ്ടാകുമെന്ന് നമ്മൾ പ്രതീക്ഷിച്ചു. ഒരു സ്പെഷ്യൽ ഫിനാൻസ് പാക്കേജാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇതുവരെ ഒരു താൽക്കാലിക അലോക്കേഷൻപോലും നമുക്കുണ്ടായില്ലെന്നത് ദൗർഭാഗ്യകരമാണെന്ന് പറയാതെ പോകാൻ കഴിയില്ല.

വയനാട് ഉണ്ടായതുപോലൊരു ദുരന്തം വിലങ്ങാടുമുണ്ടായി. അവിടെ ഒരു മനുഷ്യജീവൻ മാത്രമേ നഷ്ടപ്പെട്ടുള്ളൂ എന്നതുകൊണ്ടാണ് ശ്രദ്ധിക്കപ്പെടാതെ പോയത്. വലിയ ദുരന്തമാണ് അവിടെയുമുണ്ടായത്. കേരളം ഇന്ന് ഒരു അപകട മേഖലയിലാണ് എന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. 2021-ൽ 195 രാജ്യങ്ങൾ ഒരുമിച്ചുചേർന്ന് തയ്യാറാക്കിയ Intergovernmental Panel on Climate Change (IPCC)-ന്റെ റിപ്പോർട്ടും അതിന്റെ NASA analysis-ഉം ഈ സഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന് ചർച്ച ചെയ്തതാണ്. പടിഞ്ഞാറൻ തീരങ്ങൾ അപകടത്തിലാണെന്ന് ആ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഈ കാലാവസ്ഥാ

വ്യതിയാനം കള്ളക്കടൽ പ്രതിഭാസം, ചക്രവാതച്ചുഴി, cloud burst എന്നിങ്ങനെ പുതിയ വാക്കുകളെ നമുക്ക് സംഭാവന ചെയ്തിരിക്കുന്നു. പശ്ചിമഘട്ട മലനിരകളിൽ മുഴുവൻ കഴിഞ്ഞ മൂന്നുനാല് വർഷക്കാലമായി ആയിരക്കണക്കിന് മണ്ണിടിച്ചിലുകളുണ്ടായി. ചെറുതും വലുതുമായ മണ്ണിടിച്ചിലുകളുണ്ടാകുകയാണ്. ഇത്രമാത്രം മനുഷ്യജീവൻ നഷ്ടപ്പെട്ടതുകൊണ്ടാണ് വയനാടിലെ മണ്ണിടിച്ചിൽ ശ്രദ്ധിക്കപ്പെട്ടത്. അല്ലാതെതന്നെ മണ്ണിടിച്ചിലുകൾ ഒരു സാധാരണ സംഭവമായി മാറുകയാണ്. നമുക്കതിനെ മറികടക്കാൻ കഴിയണം. നാം ഒരു വിജ്ഞാന സമൂഹത്തിലാണ് ജീവിക്കുന്നത്. അതിന്റെ അറിവുകൾ മുഴുവൻ സ്വായത്തമാക്കി ശരിയായ ഒരു warning system തയ്യാറാക്കണം. അതിനോടനുബന്ധിച്ച് ഒരു evacuation പ്ലാനും ഉണ്ടാകണം. ഇന്ന് തീരപ്രദേശവും അപകടത്തിലാണ്. കടൽത്തീര ശോഷണം നടന്നുകൊണ്ടിരിക്കുകയാണ്. കടൽ കയറിക്കൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ട മലനിരകളും അപകടത്തിലാണ്. വെള്ളപ്പൊക്കത്തിന്റെ സാധ്യതകൾ ഇടനാടുകളിൽ എപ്പോഴും നിലനിൽക്കുകയാണ്.

അതിതീവ്രമായ മഴയുണ്ടായാൽ ഏതുസ്ഥലവും പെട്ടെന്ന് അപകടത്തിൽപ്പെടാവുന്ന ഒരു സാധ്യത ഉണ്ടാകുകയാണ്. കൂടുതൽ മഴ കൂടുതൽ നേരം നിന്നുപെയ്താൽ ഏത് നഗരവും വെള്ളത്തിനടിയിലാകുന്ന ഭയാനകമായ ഒരവസ്ഥയുണ്ട്. Climate change എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. കേരളമാണ് അതിൽ ഏറ്റവും vulnerable ആയിട്ടുള്ള, ഏറ്റവും അപകടകരമായ സ്ഥിതിയിലുള്ളത് എന്നുകൂടി നമ്മൾ തിരിച്ചറിയണം. അതിനുവേണ്ടി ഇവിടെ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ശാസ്ത്ര സ്ഥാപനങ്ങൾ, പുതിയ അറിവുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയുടെ സഹായത്തോടുകൂടി പ്രകൃതി ദുരന്തങ്ങളെ ലഘൂകരിക്കാൻ നമുക്ക് കഴിയണം. പ്രകൃതി ദുരന്തങ്ങളെ നമുക്ക് തടുത്തുനിർത്താൻ സാധിക്കില്ല. പക്ഷേ പ്രകൃതിയുണ്ടാക്കുന്ന ആഘാതങ്ങളെ ലഘൂകരിക്കാൻ കഴിയും. അതിനായി നമ്മുടെ അറിവുകളെ പ്രയോജനപ്പെടുത്തുകയും ഫലപ്രദമായി ഇടപെടുകയും വേണം.

ഒഡീഷയിൽ 1978-ൽ വലിയ വെള്ളപ്പൊക്കമുണ്ടായി. ഒന്നര ലക്ഷം പേരാണ് മരിച്ചത്. അഞ്ച് ലക്ഷം പേരോളം മരിച്ചുകാണും എന്നാണ്

എനിക്ക് തോന്നുന്നത്. അന്നൊന്നും കണക്കില്ല. ദരിദ്ര സംസ്ഥാനമാണ്. പക്ഷേ മൂന്നുനാല് വർഷക്കാലം മുമ്പ് അവിടെ അതിനേക്കാൾ ഭീകരമായ ഒരു ചുഴലിക്കൊടുങ്കാറ്റ് ഉണ്ടായപ്പോൾ കേവലം രണ്ടുപേർ മാത്രമാണ് മരിച്ചത്. ഒഡീഷ പോലുള്ളൊരു സംസ്ഥാനത്തിന് ആ ചുഴലിക്കൊടുങ്കാറ്റിനെ തടുത്തുനിർത്താൻ ആവശ്യമായ അന്താരാഷ്ട്ര നിലവാരമുള്ള ഒരു warning system-ഉം ഒരു evacuation plan-ഉം തയ്യാറാക്കാൻ കഴിഞ്ഞു. കേരളത്തിനും അത് കഴിയും, കഴിയണം. ഇനി ഏത് കാര്യം നാം ചിന്തിക്കുമ്പോഴും ഏത് പോളിസി ഫ്രെയിം ചെയ്യുമ്പോഴും അതിലെ ഏറ്റവും പ്രധാനപ്പെട്ട കമ്പോണന്റ് climate change ആയിരിക്കണം. ഏത് ഡെവലപ്മെന്റ് പ്രോജക്ടും climate change-ന്റെ അടിസ്ഥാനത്തിൽക്കൂടി വേണം നടപ്പിലാക്കേണ്ടത്. Environmental Impact Study (EIS) നടത്താതെ ഇനി നമുക്കൊന്നും ചെയ്യാൻ കഴിയില്ല. പ്രകൃതിദുരന്തങ്ങളെ മനസ്സിലാക്കി നമ്മൾ പോളിസി ഫ്രെയിം ചെയ്യുകയും നയരൂപീകരണം നടത്തുകയും വികസന പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. അങ്ങനെ ഒരു പുതിയ അപ്രോച്ച് ഉണ്ടാകണം. ഇത് പ്രകൃതി നമുക്ക് നൽകുന്ന മുന്നറിയിപ്പായി

കണക്കാക്കണം. നിങ്ങൾ അപകടാവസ്ഥയിലാണ് എന്നുള്ളത് വലിയ മുന്നറിയിപ്പായി കാണാൻ കഴിയണം. ഏറ്റവും നല്ല model rehabilitation process അവിടെ നടപ്പാക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. അവിടെ ജീവൻ നഷ്ടപ്പെട്ട, ബന്ധുക്കൾ നഷ്ടപ്പെട്ട, ഏറ്റവും വേണ്ടപ്പെട്ടവർ നഷ്ടപ്പെട്ട പാവങ്ങളുടെ സങ്കടത്തിനോടൊപ്പം ഞങ്ങളും ദുഃഖം പങ്കുവയ്ക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പൊതുവിൽ പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുകയാണ്. വയനാട്ടിലുണ്ടായ ദുരന്തം നമ്മുടെ നാടിനെയാകെ പിടിച്ചുലച്ച ഒരു വലിയ സംഭവമായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. 2024 ജൂലൈ 29-ാം തീയതി രാത്രി കിടന്നുറങ്ങിയ നൂറുകണക്കിന് മനുഷ്യർ ഇന്ന് ഈ ഭൂമിയിലില്ല. അവിടെ ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുടെ നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം അവസാനിപ്പിച്ചുകൊണ്ടാണ് ആ രാത്രി ഒരു കാളരാത്രിയായി മാറിയത്. ഞെട്ടിക്കുന്ന ആ സംഭവത്തെത്തുടർന്ന് അവിടെ നടത്തിയിരിക്കുന്ന രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ഓർക്കുകയാണ്. വിവിധ സേനാ

വിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ ഏജൻസികൾ തുടങ്ങി എല്ലാ വിഭാഗങ്ങളും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ടതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. നമ്മുടെ നാട് സാക്ഷ്യംവഹിച്ച ഏറ്റവും ബൃഹത്തായ രക്ഷാപ്രവർത്തനത്തിന് വയനാട്ടിൽ നേതൃത്വം നൽകപ്പെട്ടു. സംസ്ഥാന ഗവൺമെന്റിന്റെ നേരിട്ടുള്ള ഇടപെടലും നേതൃത്വവും ഉണ്ടായിരുന്ന ആ സംഘടിതമായ പ്രവർത്തനങ്ങളിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെയുള്ള ഏവരുടെയും കൂട്ടായ യത്നമുണ്ടായിയെന്നത് എടുത്തുപറയേണ്ടതാണ്. ഒരു മാസക്കാലത്തോളം മന്ത്രിമാർ നേതൃത്വം നൽകിയ കമ്മിറ്റികളും സബ്കമ്മിറ്റികളും മറ്റ് സംവിധാനങ്ങളും  ദൈനംദിനം സാഹചര്യങ്ങളുടെ പരിശോധനകളും അതത് ഘട്ടങ്ങളിൽ ഇടപെടലുകളും നടത്തിക്കൊണ്ട് അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും അതിന് സഹായകമായ സംവിധാനം അവിടെ സജ്ജമാക്കാൻ സാധിക്കുകയും ചെയ്തതുകൊണ്ടാണ് അപരിഹാര്യമായ ആ ദുരന്തം ഉണ്ടായതിന് ശേഷമാണെങ്കിൽപ്പോലും അതിനോടനുബന്ധിച്ച പ്രശ്നങ്ങൾ കുറച്ചൊക്കെ പരിഹരിച്ച്  നമുക്ക് മുമ്പോട്ടുപോകാൻ സാധിച്ചത്.

ഇത്തരം മഹാദുരന്തങ്ങൾ മുൻകൂട്ടി കാണാനും അതിനെ സംബന്ധിച്ച ആവശ്യമായ മുന്നറിയിപ്പുകളും നിർദേശങ്ങളും നൽകാനും മനുഷ്യനും പ്രകൃതിക്കുമുണ്ടായേക്കാവുന്ന നാശനഷ്ടങ്ങളെ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുമുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ നമുക്ക് കണ്ടെത്തേണ്ടതുണ്ട്. അതിനായുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ഉണ്ടായേ മതിയാകൂ. ചൂരൽമല, മുണ്ടക്കൈ, അട്ടമല, പുഞ്ചിരിമറ്റം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മാസങ്ങളോളം ശ്മശാനമൂകമായ അന്തരീക്ഷമാണ് കാണാൻ കഴിഞ്ഞത്. രക്ഷാപ്രവർത്തനത്തിനായി അവിടെ ഒത്തുകൂടിയ രക്ഷാപ്രവർത്തകർ ഉൾപ്പെടെയുള്ളവർ ദിവസങ്ങളോളം ദീർഘമായ തെരച്ചിലും പരിശോധനയും നടത്തുകയും ശവശരീരങ്ങൾ മാത്രമല്ല, അവശേഷിപ്പുകളായിത്തീർന്ന മനുഷ്യശരീരത്തിന്റെ അവശിഷ്ടങ്ങൾപോലും കണ്ടെത്തി അവ സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി പിരിഞ്ഞുപോയതിനുശേഷവും ആ പ്രദേശത്തിന്റെ അവസ്ഥ വളരെ പ്രയാസകരവും സങ്കടകരവുമാണെന്ന് നമുക്കറിയാം. ആ

ദുഃഖസാഹചര്യത്തിലും പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നതും അതിന് അടിയന്തര പ്രാധാന്യം സർക്കാർ നൽകുന്നുവെന്നതും പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതാണ്. ദുരന്തബാധിത പ്രദേശത്തുനിന്നും താത്കാലികമായി മാറ്റിത്താമസിപ്പിച്ചവർ ഉൾപ്പെടെയുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വാടകയ്ക്കും അല്ലാതെയും വീടുകൾ കണ്ടെത്തുകയും ജീവിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കി നൽകുകയും ചെയ്തത് സമീപകാല ചരിത്രത്തിലെ ഏറ്റവും വലിയ സർക്കാർ ഇടപെടലായി വേണം കാണേണ്ടത്. മഹാദുരന്തത്തെത്തുടർന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ട് സ്ഥലം സന്ദർശിക്കുകയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തുവെന്നത് തീർച്ചയായും വളരെ നല്ല കാര്യമാണ്. പക്ഷേ അതിനുശേഷം ദുരന്തബാധിതർക്ക് സഹായകമാകുന്ന ഒരു പാക്കേജ് വേണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായത്തെ മാനിക്കാനോ അതിനനുസൃതമായ നടപടികൾ സ്വീകരിക്കാനോ നാളിതുവരെ തയ്യാറായിട്ടില്ലെന്നത് തീർത്തും ഖേദകരമായ കാര്യം തന്നെയാണ്. എങ്കിലും അക്കാര്യത്തിൽ പ്രതീക്ഷയോടെ നമുക്ക്

കാത്തുനിൽക്കാം എന്നുമാത്രമെ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നുള്ളൂ. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് അനുവദിക്കപ്പെട്ട 145 കോടി രൂപയെക്കുറിച്ച് വലിയ വർത്തമാനങ്ങളൊക്കെ പലരും മാധ്യമങ്ങളിലൂടെ പറയുന്നത് നാം കേൾക്കുകയുണ്ടായി. സാധാരണഗതിയിൽ ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് വർഷാവർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട സഹായത്തിന്റെ ഭാഗമായി കേരളത്തിന് ലഭിക്കേണ്ട 292 കോടി രൂപയുടെ ആദ്യഗഡു നേരത്തെ ലഭിച്ചിരുന്നു. ഇപ്പോൾ ലഭ്യമായത് രണ്ടാമത്തെ ഗഡുവാണെന്ന കാര്യം നമുക്കെല്ലാമറിയാം. അതല്ലാതെ ഇപ്പോൾ സംഭവിച്ച മഹാദുരന്തത്തെ നേരിടാൻ സഹായകമാകുന്ന തരത്തിലുള്ള പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നത് പ്രതിഷേധാർഹമാണ്. പുനരധിവാസ പ്രവർത്തനങ്ങൾക്കായി വലിയ ഒരുക്കങ്ങൾ നടത്തുന്നതിനും സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പരിശ്രമിക്കുന്നതോടൊപ്പം ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും കാര്യങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്ന ഗവൺമെന്റിന്റെ എല്ലാവിധ നടപടികളോടും

പിന്തുണ പ്രഖ്യാപിക്കുകയാണ്. ആവശ്യമായ എല്ലാ പ്രവർത്തനങ്ങളുമായി സംസ്ഥാനം മുമ്പോട്ടുപോകുന്ന സന്ദർഭത്തിലും ഗൗരവമേറിയ ഈ പ്രശ്നത്തിൽ നാളിതുവരെ തുടരുന്ന കേന്ദ്രഗവൺമെന്റിന്റെ അവഗണനാ മനോഭാവത്തോടെയുള്ള നിലപാടിൽ ശക്തമായ എതിർപ്പും പ്രകടിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനം ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രതയോടെ മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് വയനാടിനെയും കേരളത്തെയും സംബന്ധിച്ചിടത്തോളം ഞെട്ടലുണ്ടാക്കിയ, സർവ്വനാശം വിതച്ച ഈ മഹാദുരന്തത്തിന്റെ ഭാഗമായി പ്രയാസം അനുഭവിക്കുന്നവരുടെ വേദനയിൽ പങ്കാളിയാകുന്നു. നമ്മെ വിട്ടുപോയ സഹോദരങ്ങളുടെ പേരിൽ അനുശോചനം അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതീവ ദുഃഖത്തോടെ കഴിഞ്ഞ ദുരന്തനാളുകളെ വീണ്ടും സ്മൃതിപഥത്തിലേയ്ക്ക് എത്തിച്ചുകൊണ്ട് ഈ സഭ നാടിന്റെ ദുഃഖത്തിൽ പങ്കുചേരുകയും കഠിനമായ ആ ദിവസങ്ങളെ ഓർമ്മിക്കുകയും ചെയ്യുമ്പോൾ ഞാനും അതിൽ പങ്കുചേരുകയാണ്.

കക്ഷിരാഷ്ട്രീയ വ്യത്യാസമോ മറ്റേതെങ്കിലും തരത്തിലുള്ള വ്യത്യാസമോ ഇല്ലാതെ എല്ലാവരും വയനാട്ടിലേയ്ക്കും അത്രയേറെ ആഘാതത്തിലല്ലെങ്കിലും പ്രകൃതിദുരന്തമുണ്ടായ വിലങ്ങാട്ടേയ്ക്കും ഒഴുകിയെത്തിയ കാഴ്ച നാം കാണുകയുണ്ടായി. ആ സന്ദർഭത്തിൽ ഗവൺമെന്റ്, പ്രതിപക്ഷം, മറ്റ് കക്ഷികൾ, എന്നിവയൊന്നും തന്നെ ബാധകമാകാതെ ഏത് ജീവിത സാഹചര്യത്തിലുള്ളവരായാലും അവർക്ക് കഴിയുന്ന തരത്തിൽ 'അണ്ണാറക്കണ്ണനും തന്നാലായത്" എന്നുപറയുന്നതുപോലെ ദുരന്തനിവാരണത്തിലും ദുരന്തബാധിതരുടെ കണ്ണീരൊപ്പുന്നതിലും പങ്കുചേരുകയാണ്. യോജിപ്പിന്റെ അത്തരമൊരു ഘട്ടം അഭിമാനകരമാണ്, ഒരു ദുരന്തം വന്നുകഴിഞ്ഞാൽ എങ്ങനെയായിരിക്കണം തരണം ചെയ്യേണ്ടതെന്നതിന്റെ മാതൃകയാണത്. ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സൂചിപ്പിച്ചതുപോലെ ദുരന്തങ്ങൾ പലവിധത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രളയവും വരൾച്ചയും ഉരുൾപൊട്ടലും ചെറിയ തോതിലാണെങ്കിലും ഭൂകമ്പങ്ങളുമൊക്കെയായി കാലാവസ്ഥാ വ്യതിയാനത്തിന്റെ

പ്രത്യാഘാതങ്ങൾ നമ്മൾ നേർദൃഷ്ട്യാ കണ്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അതിനുള്ള പരിഹാരങ്ങളെ സംബന്ധിച്ച് ദീർഘകാലാടിസ്ഥാനത്തിൽ നമ്മൾ ചിന്തിക്കേണ്ടതാണ്. അത്തരത്തിൽ ഗൗരവമായിത്തന്നെ ചിന്തിക്കുമെന്നതിന്റെ സൂചനകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതെല്ലാം നമ്മുടെ ഏവരുടെയും ശ്രദ്ധയിലുണ്ട്. ശാശ്വത പരിഹാരങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങൾ ഒരുവശത്ത് നടക്കണം, അതോടൊപ്പം ദുരന്താനന്തരം യുദ്ധകാലാടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിൽ ചെയ്ത കാര്യങ്ങൾക്കൊന്നുംതന്നെ ഇനിയൊരു മന്ദഗതി വരാനും പാടില്ല എന്നുള്ളതാണ് ഇപ്പോൾ പ്രധാനമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ചെറിയതോതിൽ അത്തരമൊരു അവസ്ഥ വന്നുതുടങ്ങിയിട്ടുണ്ട് എന്നുള്ള തോന്നൽ ഉണ്ടാകുകയാണ്. Inordinate delay എന്നത് സർക്കാർ സംവിധാനങ്ങളിലെല്ലാം ഉള്ളതാണെങ്കിലും അത് ഇവിടെ ഒരിക്കലും ഉണ്ടാകാൻ പാടില്ല. കേന്ദ്രഗവൺമെന്റിന്റെ സമീപനത്തിൽ ആദ്യംകണ്ട ശുഭസൂചനയും പിന്നീട് വന്നുകൊണ്ടിരിക്കുന്ന അമാന്തവും നമ്മെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. അങ്ങനെയൊന്നും ഇല്ലാതിരിക്കട്ടെ,

കേരളത്തിന് ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കട്ടെ, തീർച്ചയായും അവ കിട്ടേണ്ടത് തന്നെയാണ്. ഇക്കാര്യങ്ങളിലെല്ലാം ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണെന്ന് നേരത്തേതന്നെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു.

മറ്റൊരു കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ധാരാളം സന്നദ്ധ സംഘടനകൾ ഫണ്ട് പിരിക്കുന്നുണ്ട്. ഞങ്ങളുടെ സന്നദ്ധ സംഘടനകൾ 40 കോടി രൂപയുടെ പ്രോജക്റ്റ് ചെയ്യാൻ തയ്യാറായി നിൽക്കുന്നതുപോലെ മറ്റ് സംഘടനകളുമുണ്ട്. അവർക്ക് അതിനുള്ള സാഹചര്യമൊരുക്കിയാൽ സർക്കാരിന് വലിയൊരു കൈത്താങ്ങാകും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഫണ്ട് വരുന്നതുപോലെതന്നെ സന്നദ്ധസംഘടനകൾക്ക് സ്വയം കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി സ്ഥലമൊരുക്കി കൊടുക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ ചെയ്താൽ നല്ലതാണ്. വയനാട്ടിലും വിലങ്ങാട് പ്രദേശത്തും ടൗൺഷിപ്പിൽ വീടുകൾ നിർമ്മിക്കാൻ സന്നദ്ധ സംഘടനകൾ തയ്യാറായി നിൽക്കുന്നുണ്ട്. അവർക്ക്

അതിനുള്ള സൗകര്യമുണ്ടാക്കികൊടുക്കണം. പുറത്തുപോയി പ്രോജക്ട് ചെയ്താൽ പൊതുഗുണങ്ങൾ പലതും അവർക്ക് ലഭിക്കാതെ വരുമെന്നുള്ളതുകൊണ്ടാണ് സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായി നിൽക്കുന്നവരെല്ലാം കാത്തിരിക്കുന്നത്. അതിലും താമസം വരുന്നുണ്ടോയെന്നുള്ള ആശങ്കയുണ്ട്. അത് അകറ്റണം.

വയനാട്ടിലെ മറ്റൊരു പ്രശ്നം, തോട്ടഭൂമികളാണ്. സർക്കാർ തന്നെ മുൻകൈയെടുത്ത് ന്യൂലാമാലകളൊഴിവാക്കി പുനരധിവാസത്തിന് വീട് വയ്ക്കാനുള്ള ഭൂമി സംബന്ധിച്ച വിഷമങ്ങൾ മാറ്റിക്കൊടുക്കണം. അക്കാര്യം റവന്യൂ വകുപ്പുമന്ത്രിയോട് ജനപ്രതിനിധികളും മറ്റും നിരന്തരം സംസാരിച്ചിട്ടുണ്ട്. വയനാട്ടിൽ ആദ്യാവസാനം വരെ സന്നദ്ധ സംഘടനകൾ വിവിധ പ്രവർത്തനങ്ങളുമായി നിന്നത് നേരിട്ടറിയാവുന്ന ഒരു വ്യക്തി എന്ന നിലയിൽ ഞാൻ പറയുകയാണ്, വയനാടായാലും വിലങ്ങാടായാലും പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടാൽ അവർക്ക് ബുദ്ധിമുട്ടുണ്ടാകും. ക്യാമ്പുകളിൽ താമസിച്ചിരുന്നവർ ഇപ്പോൾ വാടക വീടുകളിലാണ് താമസിക്കുന്നത്. അതൊന്നും സാധാരണഗതിയിലുള്ള ജീവിതമല്ലെന്നുള്ളത്

നാം മനസ്സിലാക്കണം. സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന സംവിധാനങ്ങളിൽ കാലതാമസം വരുന്നത് ഒഴിവാക്കി യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യണമെന്നാണ് വയനാട് ദുരന്തത്തിലെ ദുഃഖത്തിൽ സഭ ഒന്നിക്കുന്ന ഘട്ടത്തിൽ എനിക്ക് പറയാനുള്ളത്. ഞാനും ആ അതീവദുഃഖത്തിൽ പങ്കുചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ കാലഘട്ടത്തിലെ ഏറ്റവും വലിയൊരു ദുരന്തത്തെയാണ് നാം നേരിൽ കണ്ടത്. കേരളം പല പ്രകൃതിദുരന്തങ്ങൾ കണ്ടിട്ടുണ്ടെങ്കിലും ഇത്രയും വലിയൊരു ദുരന്തത്തിന് സാക്ഷിയാകേണ്ടിവന്നത് വയനാട് ദുരന്തത്തിലാണ്. നൂറുകണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെടുകയും നിരവധിയാളുകളെ കാണാതാകുകയും ചെയ്ത ആ വലിയ ദുരന്തം നമ്മെയെല്ലാം വളരെയേറെ വേദനിപ്പിക്കുകയും ലോകമനസ്സാക്ഷിയെത്തന്നെ ഞെട്ടിക്കുകയും ചെയ്തു. അവിടെ കണ്ട കാഴ്ചകളെക്കുറിച്ച് ഈ ദുരന്തത്തിന് പിന്നാലെ അവിടെ പോയവർക്കറിയാം. അവിടെ പോയപ്പോൾ നാട്ടുകാരിലൊരാൾ ഒരിടത്തേയ്ക്ക് കൈചൂണ്ടിക്കൊണ്ട് പറഞ്ഞത്

ഞാനിപ്പോഴും ഓർക്കുന്നു. "ഇതായിരുന്നു മുണ്ടക്കൈ". ഞങ്ങൾ നിൽക്കുന്നിടത്തുനിന്ന് അയാൾ കൈചൂണ്ടിയ ഭാഗത്തേയ്ക്ക് നോക്കുമ്പോഴുള്ള കാഴ്ച ഭയപ്പെടുത്തുന്നതായിരുന്നു. ഒരു വലിയ പർവതത്തിന് മുന്നിൽ ഭൂമിയുടെ ഒരു വലിയ കഷ്ണം കിടക്കുന്നു. ഭൂമി അക്ഷരാർത്ഥത്തിൽ ഇല്ലാതായ കാഴ്ചയാണ് അവിടെ കണ്ടത്. ഭീതിപരത്തിയ ആ ദുരന്തത്തിൽനിന്ന് കരകയറാനുള്ള ശ്രമത്തിലാണ് അവരെല്ലാം. അതിന് വലിയതോതിലുള്ള സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്നും ലഭിക്കുന്നുവെന്നുള്ളത് ആശാവഹമാണ്. വയനാട് ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണ് മുണ്ടക്കൈ. കനത്ത മഴയെത്തുടർന്നാണ് ഉരുൾപൊട്ടലിന്റെ സാധ്യത അവിടെയുണ്ടായത്. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെ സംസാരിച്ചതിൽ നമ്മൾ ശ്രദ്ധിച്ച ഒരു കാര്യം അവിടെ പെയ്ത മഴയുടെ അളവാണ്. ഭൂമിക്ക് താങ്ങാൻ കഴിയാത്തതിൽ കൂടുതൽ അളവിൽ മഴ പെയ്തിറങ്ങിയപ്പോൾ അവിടെയുണ്ടായ അതിഭയങ്കര ദുരന്തം നമുക്ക് ഭാവികാലത്തെക്കുറിച്ചുള്ള ചിന്തകൾക്ക് ഏറെ പ്രയോജനകരമാക്കി മാറ്റേണ്ട ഒരു പഠനവിഷയവും

കൂടിയാണ്. അവിടെനിന്നും കാണാതായ നൂറിലധികം ആളുകളെ ഇനിയും നമുക്ക് കണ്ടെത്താനുണ്ട്. ആ സ്ഥലത്തെ ചൂരൽമലയുമായി ബന്ധിപ്പിക്കുന്ന പാലം തകർന്നുപോയതുകൊണ്ട് രക്ഷാപ്രവർത്തനം നടത്താൻ താമസം നേരിട്ടുവെങ്കിലും നമ്മുടെ സൈന്യവും സന്നദ്ധപ്രവർത്തകരും സായുധ സേനാവിഭാഗവും നടത്തിയ ശ്രമകരമായ ദൗത്യവും ഇടപെടലുമുണ്ടാക്കിയ മാറ്റങ്ങളും ചെറുതായി കാണാൻ കഴിയില്ല. അവരെ നമുക്ക് ഈ സന്ദർഭത്തിൽ അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ അവിടെ ഓരോ പ്രദേശത്തുമുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. പുനരധിവാസ പദ്ധതികൾ വളരെ വേഗത്തിൽ നടപ്പാക്കുന്നതിനുള്ള തീരുമാനമാണ് ഗവൺമെന്റും അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും എടുത്തിട്ടുള്ളത്. അതോടൊപ്പം നമ്മൾ കാണേണ്ട മറ്റൊരു കാര്യം, അവിടെ നടത്തിയ പ്രവർത്തനങ്ങളുടെ ഏകോപനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് മന്ത്രിമാരായ ശ്രീ.കെ. രാജൻ, ശ്രീ. മുഹമ്മദ് റിയാസ്, ശ്രീ. ഒ. ആർ. കേളു, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നിവരടങ്ങിയ ഒരു മന്ത്രിസഭാ ഉപസമിതിയുടെ ഏകോപന

ചുമതലയിൽ നിർവഹിച്ച പ്രവൃത്തികൾ കൃത്യതയോടെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധ്യമാക്കി എന്നുള്ളതും ചെറിയ കാര്യമല്ല. പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് നേരിടേണ്ട വലിയൊരു ദൗത്യമാണ്. 2018-ലും 2019-ലും കേരളത്തിലുണ്ടായ പ്രകൃതിദുരന്തങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, തകർന്നടിഞ്ഞ വീടുകൾ, വീട് നഷ്ടപ്പെട്ടവർ, റോഡുകൾ ഇതെല്ലാം നമ്മൾ വീണ്ടെടുത്തു. അപ്പോൾ നമുക്ക് ഇക്കാര്യത്തിൽ ഒരുമിച്ച് മുന്നേറുവാൻ സാധിക്കും. അവിടെ ആശ്വാസം കൊടുക്കേണ്ടതായിട്ടുണ്ട്. തോരാത്ത മഴയിൽ കുളിരിന്റെ പുതപ്പ് പുതച്ച് ഉറങ്ങിയവർ നിമിഷാർധംകൊണ്ട് മരണത്തിന്റെ ആഴത്തിലേയ്ക്ക് പതിച്ചത് ഞെട്ടലോടെയാണ് ലോകം കേട്ടത്. അവർക്ക് ഉണർന്ന് ഒന്ന് ചിന്തിക്കുവാൻ പോലും അവസരമുണ്ടായില്ല. അത്രകണ്ട് വിഷമകരവും സങ്കടകരവുമായ ഒരു കാഴ്ചയ്ക്ക് സാക്ഷ്യം വഹിക്കുന്നവരായി നമ്മൾ മാറേണ്ടി വന്നുവെന്നതാണ് ഈ കാലഘട്ടത്തിലെ/യുഗത്തിലെ പ്രത്യേകത. അവിടെ നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം ഏറ്റെടുത്ത് നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. കേന്ദ്രസഹായത്തെക്കുറിച്ച് ഇവിടെ

സൂചിപ്പിച്ചു. പ്രതീക്ഷിച്ചുവെങ്കിലും നമുക്ക് ലഭിച്ചില്ല. ഇനിയും ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. ഇത്രയും വലിയൊരു ദുരന്തത്തെ ഒരു കേന്ദ്രഭരണകൂടം ഇങ്ങനെ കാണുന്നത് അപലപിക്കാതിരിക്കാൻ നിർവാഹമില്ല. അതിനേക്കാളേറെ സഹായഹസ്തവുമായി നിൽക്കുന്ന സന്നദ്ധ സംഘടനകളും പ്രവർത്തകരും പ്രവാസികളും ചെറിയ കുട്ടികളടക്കം സ്കൂളുകളിൽനിന്നുപോലും കളക്ഷനെടുത്ത് നമ്മൾ ഓരോരുത്തരുടെയും കൈകളിൽത്തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കൊടുക്കാൻ അവസരം ഒരുക്കുന്നത് നമ്മൾ ഓരോരുത്തരും ഓർക്കുന്നുണ്ട്. ഏത് തലംവരെയാണ് ചിന്തകൾ എത്തിയിരിക്കുന്നത്; ആരെയൊക്കെ ചിന്തിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ഭയപ്പെടേണ്ടതില്ല, തുടർന്നുള്ള കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന പ്രതീക്ഷയാണ് നമുക്ക് വേണ്ടത്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ. കണ്ണ് ചിമ്മുന്ന സമയം കൊണ്ടാണ് ഈ മഹാദുരന്തം സംഭവിച്ചത്. പലർക്കും മക്കളെയും മാതാപിതാക്കളെയും നഷ്ടപ്പെട്ടു. ദുരിതത്തിൽ കരപറ്റിയവർ ഉറ്റവർ എവിടെയെന്നറിയാതെ പകച്ചുനിൽക്കുന്നു. ഇനി മുന്നോട്ടുള്ള യാത്രയാണ്

അവരെ ഭയപ്പെടുത്തുന്നത്. ഉരുളിനെക്കാൾ അവർ ഭയപ്പെടുന്നത് മുന്നിൽ കാണുന്ന ഇരുളാണ്. അവിടെ പ്രത്യാശയുടെ വെളിച്ചം പകരണം. അതിനായി കക്ഷിരാഷ്ട്രീയത്തിനപ്പുറത്തേക്ക് ഒരുമിച്ച് നിൽക്കാൻ ഈ സഭ ഇന്ന് ഉണർത്തിയിട്ടുള്ള ചിന്തകൾ ഇതേപടിതന്നെ നിലനിർത്താൻ സാധിക്കണം. സംസ്ഥാനത്തെ ഏറ്റവും വലിയ ദുരന്തമായിക്കണ്ട് പുനരധിവാസ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. ഈ ദുരന്തത്തിന്റെ ഭാഗമായി വിഷമിക്കുന്നവരുടെയും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവരുടെയും മുമ്പിൽ ഈ നിയമസഭയുടെ ദുഃഖത്തോടൊപ്പം എന്റെയും എന്റെ പാർട്ടിയുടെയും ദുഃഖം ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കരളലിയിപ്പിക്കുന്ന വേദനയോടെ നമ്മുടെയെല്ലാം മനസ്സിനെ തളർത്തിയ എല്ലാവരെയും വേദനയിലാഴ്ത്തിയ വലിയ ദുരന്തമാണ് വയനാട്ടിലും വിലങ്ങാടുമുണ്ടായതെന്നത് വളരെ ദുഃഖത്തോടുകൂടി നിയമസഭ അനുസ്മരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്.

മുണ്ടക്കൈയിലും ചൂരൽമലയിലും വിലങ്ങാടും പുനരധിവാസത്തിന്റെ സാഹചര്യങ്ങൾ പരമാവധി വേഗത്തിൽ ഉറപ്പുവരുത്തുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നമ്മുടെ സംസ്ഥാനം ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇനി നിർവഹിക്കേണ്ടത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ചൂണ്ടിക്കാണിച്ചു. നിയമസഭാ പരിസ്ഥിതി കമ്മിറ്റി സമീപ സമയത്ത് അവിടെ സന്ദർശനം നടത്തിയപ്പോൾ ഇപ്പോൾ വീടുകളിലേക്ക് താമസം മാറിയവരും വിവിധ സ്ഥലങ്ങളിലായി പാർക്കുന്നവരും ഒന്നിച്ചുകൂടി പ്രകടിപ്പിച്ച ആശങ്കയും അവരുടേതായ ആവലാതികളും നിരവധിയായ ആവശ്യങ്ങളും വളരെ ആത്മാർഥയോടെ ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. ദുരന്തത്തിനുശേഷം എല്ലാം നഷ്ടപ്പെട്ട ഒരു ജനത എന്തുചെയ്യുമെന്നറിയാതെ പ്രയാസപ്പെട്ട് നിൽക്കുമ്പോൾ കേരളം കൈത്താങ്ങായുണ്ടെന്ന വലിയ പ്രതീക്ഷയിൽ അവർ കഴിഞ്ഞുകൂടുകയാണ്. പുനരധിവാസ പ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസം അവരിൽ ആശങ്ക

ഉണ്ടാക്കിയിരിക്കുന്നവെന്നുള്ളത് ഞാൻ പ്രത്യേകം ചൂണ്ടിക്കാണിക്കുകയാണ്. പുനരധിവാസത്തിന്റെ കാര്യങ്ങൾ എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നതിന് ഒരു വ്യക്തത വരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കരുതുകയാണ്. ഗവൺമെന്റ് ആ കുടുംബങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ച ടൗൺഷിപ്പ് അടക്കമുള്ള കാര്യങ്ങൾ ഏത് വിധത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് ഇപ്പോൾ പല സ്ഥലങ്ങളിലായി താമസിക്കുന്ന ആ പ്രദേശത്തെ ആളുകൾ സ്വാഭാവിക ആശങ്കയോടെ ചോദിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ വ്യക്തത വരുത്താൻ കഴിയുന്ന വിധത്തിലുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ തകർന്നുപോയ കെട്ടിടങ്ങൾ വീണ്ടും ഉപയോഗിക്കുന്നതിന് ശ്രമം നടത്തുന്ന കാര്യത്തിലുൾപ്പെടെ ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണേണ്ടതാണെന്ന് ഞാൻ കരുതുന്നു. ആ മേഖലകളെ അനധികൃതമായി പ്രയോജനപ്പെടുത്താനായി ചില കേന്ദ്രങ്ങൾ ബോധപൂർവം ശ്രമങ്ങളാരംഭിച്ചതും നാം കാണേണ്ടതുണ്ട്. ഇത്തരത്തിലുള്ള

പ്രശ്നങ്ങളെയെല്ലാം വളരെ സുതാര്യതയോടെ വിലയിരുത്തി കാര്യക്ഷമവും ഫലപ്രദവുമായ പുനരധിവാസ പ്രവർത്തനങ്ങളിലേയ്ക്ക് ഗവൺമെന്റ് വളരെ വേഗം കടക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രവാസിലോകം വിവിധ ഘട്ടങ്ങളിൽ നമ്മെ സഹായിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിലും പ്രവാസിലോകം ഇനിയും സഹായിക്കാൻ തയ്യാറാണെന്നാണ് മലയാളി പ്രവാസി സംഘടനകളുൾപ്പെടെ വ്യക്തമാക്കുന്നത്. നമ്മുടെ പദ്ധതികൾ സുതാര്യതയോടെ നടപ്പാക്കപ്പെടണമെന്നുള്ളതാണ് അവർ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം. ഏതെല്ലാം കാര്യങ്ങളാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് സർക്കാരിന് ഔദ്യോഗികമായി വ്യക്തമാക്കാൻ കഴിഞ്ഞാൽ അത്തരം കാര്യങ്ങളിൽ സഹായിക്കാൻ സന്നദ്ധത അറിയിച്ചുകൊണ്ട് പ്രവാസിലോകം ഇപ്പോഴും കാത്തുനിൽക്കുന്നു. അത്തരത്തിൽ കാര്യങ്ങൾ വ്യക്തമാക്കാൻ സാധിക്കുന്ന വിധത്തിലുള്ള പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റിന് കഴിയണം. ഇനിയും സഹായിക്കാൻ സന്നദ്ധത

അറിയിച്ചുകൊണ്ടുതന്നെയാണ് നിരവധി മതമേലധ്യക്ഷന്മാർ അവരുടെ നിലപാടുകൾ അറിയിക്കുന്നത്. അതെല്ലാം പ്രയോജനപ്പെടുത്താൻ കഴിയണം. പുനരധിവാസത്തിന്റെ ഫലപ്രദമായ ഏകോപനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളെയെല്ലാം പ്രത്യേകമായി അഭിനന്ദിക്കുന്നു. അത്തരത്തിൽ നല്ല നിലയിൽ മുന്നോട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങളുണ്ടാകണം എന്നുകൂടി സൂചിപ്പിക്കുന്നു. വയനാട്ടിൽ മുണ്ടക്കൈയിലും ചൂരൽമലയിലും വിലങ്ങാടും സംഭവിച്ച ദാരുണമായ ആ വലിയ നാശത്തിന്റെ വക്കിൽ നിന്നുകൊണ്ട് നമ്മുടെ നാടിനുണ്ടായ വലിയ നഷ്ടത്തിന്റെ ദുഃഖത്തിൽ വേദനയോടെ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും യോജിക്കുകയാണ്. നൂറിലധികം ആളുകൾ മരണപ്പെട്ട പെരുമൺ തീവണ്ടി അപകടം സംബന്ധിച്ച ചരമോപചാരം കഴിഞ്ഞ് ഇത്രയധികം ആളുകൾ കൂട്ടത്തോടെ മരണപ്പെടുന്ന ഒരു സംഭവത്തിന്മേൽ നമ്മുടെ സഭ പിരിയുന്ന സാഹചര്യം മേലിൽ

ഉണ്ടാകാതിരിക്കട്ടെ എന്ന പ്രാർഥനയോടുകൂടിയാണ് അന്നത്തെ നിയമസഭാ സ്പീക്കറായിരുന്ന വർക്കല രാധാകൃഷ്ണൻ സഭ പിരിയുന്നു എന്ന് പ്രഖ്യാപിച്ചത്. പക്ഷേ അതിനുശേഷം നമ്മുടെ സംസ്ഥാനം നിരവധി ദുരന്തങ്ങളിലൂടെ കടന്നുപോയി. സുനാമിയും മഹാപ്രളയവുമെല്ലാമുണ്ടായി. 2018-ലെ മഹാപ്രളയത്തിനുശേഷം 2018 ആഗസ്റ്റ് 31-ാം തീയതി പ്രത്യേക സമ്മേളനം ചേർന്ന് ഒരുമിച്ച് വികാരങ്ങൾ പ്രകടിപ്പിച്ച് പിരിഞ്ഞവരാണ് നാം. ആ പ്രളയം സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടന്നു. കേന്ദ്ര ജല കമ്മീഷനും ചെന്നൈ ഐ.ഐ.ടി.-യുമെല്ലാം അതുസംബന്ധിച്ച് പഠനം നടത്തി. പ്രവചനാതീതമായ തോതിലുണ്ടായ തീവ്രമഴയാണ് അന്നത്തെയും ഇന്നത്തെയും ദുരന്തങ്ങൾക്ക് പ്രധാന കാരണമായി മാറിയിരിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. ഇപ്പോഴത്തെ ദുരന്തം സംബന്ധിച്ച് പഠനം നടക്കാനിരിക്കുന്നതേയുള്ളൂ. നമുക്ക് മുന്നിൽ ഇത്തരത്തിലുള്ള പ്രയാസങ്ങളുണ്ടാകുമ്പോൾ ഒരുമിച്ച് നിൽക്കുകയെന്ന കേരള ജനതയുടെ പ്രത്യേകത ഈ ദുരന്തകാലത്തും പ്രകടമാക്കിയെന്നതിൽ നമുക്കെല്ലാം അഭിമാനിക്കാം. ദുരന്തമുഖത്തുണ്ടായ വളരെ ഫലപ്രദമായ സർക്കാർ

ഇടപെടലുകളോട് ഉപാധികളില്ലാത്ത പ്രതിപക്ഷ സഹകരണമുണ്ടായി എന്നതും പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ദുരന്തമുഖത്ത് എങ്ങനെയാണ് ഒരു ജനത പ്രതികരിക്കേണ്ടതെന്ന് നാം വളരെ വ്യക്തമായി നാടിന് കാണിച്ചുകൊടുക്കുകയുണ്ടായി. അവിടെ കക്ഷിഭേദമെന്യേ ജനപ്രതിനിധികളുടെ പങ്കാളിത്തമുണ്ടായി എന്നത് ഒരു യാഥാർത്ഥ്യമാണ്. ദുരന്തമുഖത്തെ ഏറ്റവും വിഷമമേറിയ സാഹചര്യങ്ങളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഒന്നും ആവർത്തിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രകടമാക്കിയ ആ ജനകീയ ഐക്യം പുനരധിവാസ പ്രവർത്തനങ്ങളിലും തുടരുന്നുവെന്ന് ഉറപ്പാക്കാൻ നമുക്ക് കഴിയണം. സർക്കാരും പ്രതിപക്ഷവും അതിനാവശ്യമായ സമീപനം സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. പുനരധിവാസ പ്രവർത്തനങ്ങളിൽ മുൻഗണനാ വിഷയങ്ങൾ ആദ്യം തീരുമാനിക്കപ്പെടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് സർവകക്ഷി യോഗം വിളിച്ചുകൂട്ടി എല്ലാ കക്ഷികളുടെയും അഭിപ്രായം തേടിയിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് കാര്യങ്ങൾ മുന്നോട്ട് നീങ്ങുന്നതെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. നിരവധി സന്നദ്ധ സംഘടനകളും മത-സാമുദായിക സംഘടനകളും രാഷ്ട്രീയ പാർട്ടികളും മറ്റ് സംസ്ഥാന ഗവൺമെന്റുകളുമെല്ലാം മുന്നോട്ടുവച്ചിരിക്കുന്ന വാഗ്ദാനങ്ങൾ എങ്ങനെ ഫലപ്രദമായി നമ്മുടെ ഈ സമ്പൂർണ പാക്കേജിൽ ഉൾപ്പെടുത്താൻ കഴിയുമെന്നത് നാം ആലോചിക്കണം. പണം നൽകിയേക്കുവെന്ന് പറഞ്ഞ് അവരെയെല്ലാം മാറ്റി നിർത്തുകയല്ല ചെയ്യേണ്ടത്. അങ്ങനെ പണം തരാനും കഴിയില്ല. അവരുടെ പങ്കാളിത്തം ഈ പുനരധിവാസ പാക്കേജിൽ എങ്ങനെ ഉറപ്പാക്കാൻ കഴിയും എന്നതുസംബന്ധിച്ച് തീരുമാനിക്കാൻ നമുക്ക് കഴിയണം.

വളരെ പ്രാധാന്യം കൊടുക്കേണ്ട ഒരു വിഷയമാണ് അനാഥമാകുന്ന ബാല്യങ്ങൾ നശിക്കാതിരിക്കാനുള്ള മുൻകരുതലുകൾ ഒരു നാടായി ഏറ്റെടുക്കണമെന്നുള്ള പ്രശ്നം. ഞാൻ കഴിഞ്ഞ സർവകക്ഷി യോഗത്തിൽ മുന്നോട്ടുവച്ച ഒരു നിർദേശത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകുകയുണ്ടായി. അവർക്ക് കൗൺസിലിംഗിനാവശ്യമായ സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ആ കൗൺസിലിംഗിലൂടെ അവർക്ക് മനോധൈര്യമുണ്ടാകട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം.

മാതാപിതാക്കൾ നഷ്ടപ്പെട്ട മക്കളുടെ വളർച്ചയും പഠനവും അടക്കമുള്ള തുടർകാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെയും സമൂഹത്തിന്റെയും പൊതു ഉത്തരവാദിത്വമായി ഏറ്റെടുക്കാനാകണമെന്ന ചിന്തകൂടി ഞാൻ പങ്കുവയ്ക്കുകയാണ്. ശാസ്ത്രീയ വിശകലനമുണ്ടാകണമെന്ന അഭിപ്രായം ഇവിടെയുണ്ടായി. അങ്ങനെ ശാസ്ത്രീയ വിശകലനങ്ങളിലൂടെ ലഭിക്കുന്ന വസ്തുതകൾ സാധാരണക്കാരായ ജനങ്ങളുമായി പങ്കിടാൻ നമുക്ക് കഴിയണം. ഏത് പരിധിവരെ ഇത്തരം പ്രയാസങ്ങളെ ഭാവിയിൽ പ്രതിരോധിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് എനിക്ക് സംശയങ്ങളുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളായി കണക്കാക്കുന്ന സ്ഥലത്ത് ജനവാസം നിയന്ത്രിക്കുകയെന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. പക്ഷേ അവർക്ക് മുന്നറിയിപ്പുകൾ നൽകാൻ കഴിയണം. ഒരു എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്തിയതിനുശേഷമേ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പാടുള്ളൂവെന്ന നിർദ്ദേശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുന്നോട്ടുവച്ചിട്ടുണ്ട്. നമ്മുടെ ഓരോ വികസന പ്രവർത്തനങ്ങളുടെയും പ്രശ്നം അതാണ്. വികസനത്തിന്റെ ഓരോ നാമ്പിലും നാശത്തിന്റെ ഒരു വിത്ത് നാം

അറിഞ്ഞോ അറിയാതെയോ പാകുകയാണ്. അത്തരത്തിലുള്ള വികസന കാഴ്ചപ്പാട് മാറി നൂതനമായ വികസന പരിപ്രേക്ഷ്യം നമ്മുടെ നാട്ടിൽ രൂപപ്പെടുത്തിയെടുക്കാൻ പൊതുസമൂഹത്തിന്റെ പിന്തുണ ആവശ്യമാണ്. ഇത് അത്തരം വിശദാംശ കാര്യങ്ങളിലേയ്ക്ക് കടക്കാനുള്ള വേദിയല്ല എന്നുള്ളതുകൊണ്ട് ഞാൻ ആ ഭാഗം അവിടെ നിർത്തുകയാണ്. വേദന അനുഭവിക്കുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും അവരുടെ പ്രയാസങ്ങൾ പങ്കുവയ്ക്കാനും കൂട്ടായി നമുക്ക് കഴിഞ്ഞു. ഇനി അവരെ സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരാനുള്ള പ്രയത്നങ്ങളിലും ഒരുമിച്ച് നിന്ന് ആ പ്രയാസങ്ങളെ അതിജീവിക്കാൻ അവർക്ക് അത്താണിയാകാം. അതിനുവേണ്ടി നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. കേരളം ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ച് വലിയൊരു ദുരന്തത്തെയാണ് അഭിമുഖീകരിച്ചത്. ദുരന്തബാധിതർക്ക് മാത്രമല്ല, അത്

ഓരോ മലയാളിയുടെയും വേദനയായി മാറി എന്നതാണ് നമുക്ക് കാണാൻ സാധിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ അതിർവരമ്പുകളും മാറ്റിവച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിലേക്ക് കടന്നുവന്നതും ജാതി-മത-രാഷ്ട്രീയ ഭേദമില്ലാതെ നാം ഒരുമിച്ച് ആ ദുരന്തമേഖലയിലേക്ക് എത്തിയതും അവരെ കൈപിടിച്ച് നടത്തുവാനുള്ള ശ്രമം നടത്തിയതുമെല്ലാം കേരളത്തിന്റെ വലിയ പ്രത്യേകതകൾ തന്നെയാണ്. കേരളത്തിന്റെ മനസ്സാണ് അവിടെ വളരെ കൃത്യമായി കണക്കാക്കപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ നാൽപ്പത്തിയേഴോളം പേരെ ഇനിയും കണ്ടെത്താനുണ്ട്. അവരെ കണ്ടെത്താനുള്ള നടപടികൾ തുടരേണ്ടതായുണ്ട്. അൻപത്തിയാറ് വർഷങ്ങൾക്കുമുമ്പ് വിമാനാപകടത്തിൽ കൊല്ലപ്പെട്ട മലയാളി സൈനികനായിരുന്ന തോമസ് ചെറിയാന്റെ മൃതദേഹം സൈന്യം കണ്ടെത്തിയ വാർത്ത കഴിഞ്ഞ ദിവസം വളരെ ആവേശത്തോടെയാണ് ഓരോരുത്തരും വായിച്ചത്. സൈന്യത്തിന് അതിനാവശ്യമായ സാങ്കേതിക മികവും ഇച്ഛാശക്തിയുമുണ്ട്. അർജ്ജുന്റെ മൃതദേഹം എഴുപത്തിരണ്ട് ദിവസങ്ങൾക്കുശേഷം കണ്ടെത്തിയ സാഹചര്യമുണ്ടായി. ഈ

നാൽപ്പത്തിയേഴ് പേരുടെ മൃതദേഹാവിശിഷ്ടങ്ങളെങ്കിലും കണ്ടെത്തി അവർക്ക് സമാധാനപരമായ ഒരു യാത്രയയപ്പ് നൽകാനുള്ള ഉത്തരവാദിത്വം ഭരണകൂടങ്ങൾക്കും നമുക്കോരോരുത്തർക്കുമുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ കൃത്യമായ നിലയിൽ മുന്നോട്ടുപോകുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ അവിടെ മികച്ച ഏകോപനമുണ്ടായി. ആ ഏകോപനം തുടർന്നും വേണമെന്നുള്ള നിർദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളത്. പുനരധിവാസം എന്നത് ഭവന പുനർനിർമ്മാണത്തിൽ മാത്രമല്ല വേണ്ടത്. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടത് മുതലുള്ള ഒട്ടനവധി കാര്യങ്ങളുണ്ട്. അവരുടെ വിദ്യാഭ്യാസ പദ്ധതികൾ, അനാഥരാക്കപ്പെട്ട ബാല്യങ്ങൾ തുടങ്ങി വിവിധ കാര്യങ്ങളിലടക്കം ആദ്യാവസാന പുനരധിവാസ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങാൻ നമുക്ക് കഴിയണം. പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയെന്നതാണ് ആവശ്യം. ലാഗിങ് ഉണ്ടാകുന്നുവെന്നത് വിമർശനവിധേയമായി പറയുന്നതല്ല, അത് ആരുടെയും കുറ്റമല്ല, നമ്മുടെ സിസ്റ്റത്തിന്റെ വീഴ്ചയാണ്. സമയബന്ധിതമായ പുനരധിവാസ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങുമ്പോൾ മാത്രമേ അല്പം ആശ്വാസമെങ്കിലും ആ

ജനതയ്ക്ക് നൽകാൻ കഴിയുകയുള്ളൂ. ഒപ്പംതന്നെ പ്രകൃതിക്ഷോഭ മുന്നറിയിപ്പുകളെ ഗൗരവമായി എടുത്തുകൊണ്ട് അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള ഒരു ബോധവൽക്കരണം ജനങ്ങൾക്ക് നൽകേണ്ടതുണ്ട്. ഓറഞ്ച് അലെർട്ട്, റെഡ് അലെർട്ട് എന്നിങ്ങനെയുള്ള മുന്നറിയിപ്പുകൾ മൊബൈൽ ഫോണിൽ വരുമ്പോൾ അത് അവഗണിക്കുന്ന ഒരു സാഹചര്യമാണ് പലപ്പോഴും ഉണ്ടാകുന്നത്. ഇത്തരം മുന്നറിയിപ്പുകൾക്ക് അനുസൃതമായി പ്രവർത്തിക്കാനുള്ള ശക്തമായ ബോധവൽക്കരണം ജനങ്ങളിലേക്ക് എത്തിക്കേണ്ടതുണ്ട്. ജപ്പാൻ പോലുള്ള ഭൂകമ്പ സാധ്യതാ പ്രദേശങ്ങളുള്ള രാജ്യങ്ങളിൽ അത്യാഹിതം വളരെ കുറവായതിന് കാരണം ജനങ്ങൾ അതിനനുസരിച്ച് ബോധവൽക്കരിക്കപ്പെട്ട് പ്രവർത്തിക്കുന്നതുകൊണ്ടാണ്. എല്ലാ ദുരന്ത മുന്നറിയിപ്പുകളും കൊടുക്കാൻ കഴിഞ്ഞുവെന്ന് വരില്ല. എന്നാൽ ലഭിക്കുന്ന മുന്നറിയിപ്പുകളെ ഗൗരവമായി കണ്ട് സ്വമേധയാ അവിടെനിന്നും മാറാനുള്ള മനഃസ്ഥിതിയിലേക്ക് ജനങ്ങളെ ഉയർത്തിക്കൊണ്ടുവരേണ്ടതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി നടത്തേണ്ടതുണ്ട്. ഈ വലിയ ദുരന്തത്തെ ഒരു പാഠമായി

ഉൾക്കൊള്ളേണ്ടതുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ സ്വാഭാവികമായും ആവർത്തിക്കുമെന്നത് ഒരു ദുഃഖ സത്യമാണ്. ആവർത്തിക്കരുതേ എന്നാണ് നമ്മളൊക്കെ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും. പക്ഷെ ഇന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനമടക്കമുള്ള കാര്യങ്ങൾ ഇതുപോലെയുള്ള ദുരന്തങ്ങളെ നാം പ്രതീക്ഷിക്കേണ്ടതുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. അതിനനുസൃതമായി സജ്ജമായി മുന്നോട്ടുപോകാൻ നമുക്ക് കഴിയണം. വയനാട് ദുരന്തത്തിൽ മരണപ്പെട്ട പ്രിയപ്പെട്ടവരുടെ ഓർമ്മകൾക്ക് മുമ്പിൽ ശിരസ്സ് നമിച്ചുകൊണ്ട് അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തോടൊപ്പം പങ്കുചേർന്നുകൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, നമ്മുടെ രാജ്യം കണ്ട ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തമാണ് വയനാട്ടിൽ നടന്നത്. സമാനതകളില്ലാത്ത ആ ദുരന്തത്തിൽ മരണമടഞ്ഞ നമ്മുടെ സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഏകദേശം അഞ്ഞൂറിൽപ്പരം ആളുകളുടെ ജീവൻ കവരുകയും ആയിരങ്ങൾ തീരാദുരിതങ്ങളെ അഭിമുഖീകരിക്കുകയും ചെയ്ത വയനാട്ടിൽ രാജ്യം കണ്ട ഏറ്റവും മികച്ച ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാഴ്ചവച്ച

എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. വയനാടിന്റെ ദുരന്തചിത്രങ്ങൾ എന്നും എല്ലാവർക്കും ഒരു നൊമ്പരമായി ബാക്കിനിൽക്കുമ്പോൾ അതിനെ അതിജീവിച്ചവരുടെ പുനരധിവാസം എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടായിരിക്കണം അവർക്ക് ആശ്വാസം നൽകേണ്ടത്. ദുരന്തത്തിൽപ്പെട്ടവർക്ക് ആശ്വാസം നൽകുകയും ദുരന്ത മേഖലയിൽ ജീവൻ പണയപ്പെടുത്തി രക്ഷാപ്രവർത്തനം നടത്തുകയും ചെയ്ത എല്ലാവരെയും ആത്മാർഥതയോടെ ഓർക്കുന്നു, പ്രാർഥിക്കുന്നു. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട എല്ലാവർക്കും ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു. 'ശിലോഹാമിലെ ഗോപുരം വീണ് മരിച്ചുപോയ ആ പതിനെട്ട് പേർ യെരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്ന് തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചുപോകും.' എന്ന് വിശുദ്ധ വേദപുസ്തകത്തിൽ കർത്താവായ യേശുക്രിസ്തു പറയുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങൾക്ക് പിന്നിലും ഒരു

രഹസ്യമുണ്ട്. ആ രഹസ്യം മനസ്സിലാക്കി പ്രവർത്തിച്ചാൽ തീർച്ചയായും ഇതിനെയൊക്കെ അതിജീവിക്കാൻ നമുക്ക് കഴിയും. ഒരു കാര്യവും വെറുതെ സംഭവിക്കുന്നില്ല, സംഭവിക്കുന്ന കാര്യങ്ങൾക്ക് പിന്നിൽ ഒരു രഹസ്യമുണ്ട്. അത് കണ്ടുപിടിക്കുക എന്നുള്ളത് നമ്മുടെ നേതൃത്വത്തിന്റെയും പ്രിയപ്പെട്ടവരുടെയും കടമയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നുള്ളത് മനസ്സിലാക്കി പ്രവർത്തിക്കാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റും സംവിധാനവും ഉണ്ടായിരിക്കുന്നുവെന്നത് വളരെ നല്ല കാര്യമാണ്. മരിച്ച എല്ലാ പ്രിയപ്പെട്ടവർക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു. എന്റെയും എന്റെ പാർട്ടിയുടെയും മണ്ഡലത്തിന്റെയും പേരിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാന്യരായ മുഖ്യമന്ത്രി,

പ്രതിപക്ഷനേതാവ്, മറ്റ് പ്രമുഖ നേതാക്കൾ എന്നിവരെല്ലാം ഇവിടെ സംസാരിച്ചുകഴിഞ്ഞു. വയനാട് ദുരന്തത്തിന് ഒരു ആമുഖത്തിന്റെ ആവശ്യമില്ല. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ ആഘാതവും പ്രത്യാഘാതവുമുണ്ടാക്കിയ ഒരു ദുരന്തം അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. ദുരന്തം നടന്ന അന്ന് പുലർച്ചെ 5.05-നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫോണിലൂടെയുള്ള നിർദേശം ലഭിക്കുന്നത്. ഉടൻതന്നെ സംഭവസ്ഥലത്ത് എത്തിച്ചേർന്നു. നമ്മുടെ സഹപ്രവർത്തകരായ മന്ത്രിമാരൊക്കെ അപ്പോൾ അവിടെ എത്തിച്ചേർന്നുകൊണ്ടിരിക്കുകയായിരുന്നു. അവിടത്തെ കാഴ്ച രേഖപ്പെടുത്തുകയെന്നത് സാധ്യമല്ല. അത്രയേറെ ഹൃദയഭേദകമായ രംഗങ്ങളാണ് അവിടെ കണ്ടത്. എല്ലാം നഷ്ടപ്പെട്ടവർ, അവരുടെ ദുഃഖം, അവർക്കൊക്കെ ഒരേ കാര്യങ്ങളാണ് പറയാനുണ്ടായിരുന്നത്. ആ ദുരന്തഭൂമിയിൽ ചെലവഴിച്ച നിമിഷങ്ങളെല്ലാംതന്നെ ചരിത്രത്തിന്റെ ഭാഗമാണ്. ഊർജിതമായ രക്ഷാപ്രവർത്തനത്തിലൂടെ ഒരു ഭരണകൂടത്തിന്റെ സജീവ സാന്നിധ്യം അവിടെയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഊർജസ്വലമായി നിർദേശങ്ങൾ നൽകുകയും

മന്ത്രിമാരുൾപ്പെടെയുള്ളവരെല്ലാം വയനാട്ടിൽ നിറസാന്നിദ്ധ്യമാകുകയും ചെയ്തു. കക്ഷി-രാഷ്ട്രീയ-ജാതി-മത ഭേദമന്യേ എല്ലാം മാറ്റിവച്ചുകൊണ്ട് സർക്കാരിനോടൊപ്പം മനുഷ്യസ്നേഹപരമായ രീതിയിൽ സ്നേഹസ്പർശം അവിടെ ഒഴുകിയെത്തിച്ചു എന്നുള്ളതാണ് അതിന്റെ പ്രത്യേകത. സൈന്യം ബെയ്‌ലി പാലം നിർമ്മിച്ചു. ഏതെല്ലാം സ്രോതസ്സുകളിൽനിന്നും സഹായം ആവശ്യമുണ്ടോ അവരെ പ്രേരിപ്പിക്കാൻ സാധ്യമാകത്തക്ക നിലയിലുള്ള പ്രാദേശികവും അല്ലാത്തതുമായ പ്രവർത്തനങ്ങളും സംസ്ഥാന ഭരണകൂടത്തിന്റെ ഊർജസ്വലമായ ഇടപെടലുകളും ഉണ്ടായി. എല്ലാവരുടെയും സഹായങ്ങൾ സമാഹരിക്കപ്പെട്ടപ്പോൾ വയനാട്ടിൽ ഒരു രക്ഷാപ്രവർത്തനം നടക്കുന്നുവെന്ന് പൂർണ്ണമായും ബോധ്യപ്പെടുത്താൻ നമുക്ക് കഴിഞ്ഞു. അവരുടെ ദുഃഖത്തിന് പരിഹാരം കാണാൻ പെട്ടെന്ന് കഴിയില്ലെന്ന് അറിയാമെങ്കിലും അത്തരത്തിൽ ഒരു രക്ഷാപ്രവർത്തനം നടത്തുന്ന സംവിധാനം സംസ്ഥാനത്തുണ്ടായി. ആ സംവിധാനത്തോട് പൂർണ്ണമായും സഹകരിക്കുന്ന ജനമനസ്സുകളെയാണ് അവിടെ കാണാൻ കഴിഞ്ഞത്. കക്ഷി-രാഷ്ട്രീയ-ജാതി-മത ചിന്തകൾക്കതീതമായി ഒരുപോലെ

സഹായിക്കുന്ന ജനങ്ങൾ ഒന്നിച്ച് പ്രവർത്തിച്ചാൽ ഇത്തരത്തിലുള്ള സംഭവങ്ങളുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കാനും നേരിടാനും കഴിയുമെന്ന് ബോധ്യപ്പെടുത്താനും അവിടെ സാധിച്ചിട്ടുണ്ട്. കൂടുതൽ സംഭവങ്ങൾ വിശദീകരിക്കാനുണ്ടെങ്കിലും അതൊന്നും രേഖപ്പെടുത്തുക സാധ്യമല്ല. അവരുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കഴിഞ്ഞ 2024 ജൂലൈ 30-ാം തീയതി കേരളം ഉണർന്നത് ഞെട്ടിപ്പിക്കുന്ന ദുരന്ത വാർത്ത കേട്ടുകൊണ്ടാണ്. തുടർന്നുള്ള ദിവസങ്ങളിൽ ഞെട്ടിക്കുന്ന വാർത്തയിൽനിന്നും വേദനിപ്പിക്കുന്ന വാർത്തയായി അത് മാറി. വയനാട്ടിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും സർവതും നഷ്ടപ്പെട്ടവരുടെയും ദുഃഖകഥകൾകൊണ്ട് നമ്മുടെ നാട് ഓരോ നിമിഷവും മരവിച്ചുനിൽക്കുന്ന ഒരവസ്ഥയായിരുന്നു. ആ അവസ്ഥയിൽ അവർക്ക് എല്ലാ സഹായങ്ങളുമെത്തിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും വലിയ ടീമായിനിന്ന് പ്രവർത്തിച്ചത്

വലിയൊരു ആശ്വാസമാണ്. അതിൽ പ്രതിപക്ഷത്തിന്റെ എല്ലാ സഹകരണവുമുണ്ടായിയെന്നത് പ്രശംസനീയമാണ്. രാഷ്ട്രീയ-ജാതി-മത ചിന്തകളെല്ലാം മറന്നുകൊണ്ട് മലയാളി പതിവുപോലെ ആ ദുരന്തത്തെ നേരിടാനും അവർക്ക് താങ്ങുംതണലുമാകാൻ മുന്നോട്ടുവന്നതും അഭിനന്ദനം അർഹിക്കുന്നതാണ്. ഏതൊരു ദുരന്തത്തിലും നമ്മുടെ നാട്ടിലെ ജനങ്ങൾ കാണിക്കുന്ന ആത്മാർഥതയും സ്നേഹവും ത്യാഗവും നമുക്ക് അവിടെ കാണാൻ കഴിഞ്ഞു. ഒരുപക്ഷെ അത് ഒരു പരിധിവരെ അവർക്ക് ആശ്വാസമായെങ്കിലും ബന്ധുമിത്രാദികളും ജീവിത സമ്പാദ്യങ്ങളുമെല്ലാം നഷ്ടപ്പെട്ട അവരെ പഴയതുപോലെയാക്കാൻ ആർക്കും കഴിഞ്ഞെന്നുവരില്ല. അച്ഛനമ്മമാർ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്കും മക്കളെ നഷ്ടപ്പെട്ട അച്ഛനമ്മമാർക്കുമെല്ലാം മാനസികമായി കരുത്ത് പകർന്ന് അവർക്കൊപ്പം തണലായി നിൽക്കാൻ എല്ലാവരും തയ്യാറാകണം. ഭരണപക്ഷ-പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സന്ദർശനവും അദ്ദേഹത്തിന്റെ സ്നേഹഭാവങ്ങളും ദുരന്തത്തിൽപ്പെട്ടവർക്കും പ്രത്യേകിച്ച് മലയാളികൾക്ക് മുഴുവൻ ഒരു വലിയ പ്രതീക്ഷ നൽകിയിരുന്നു.

കേന്ദ്ര സർക്കാരിന്റെ വളരെ അനുകമ്പാപൂർവമായ സഹകരണവും വലിയ സഹായവും കേരളത്തിന് ലഭിക്കുമെന്ന് നമ്മൾ പ്രതീക്ഷിച്ചു. പക്ഷെ ഈ നിമിഷംവരെ അത് ലഭിക്കാത്തതിൽ അതിയായ ഖേദമുണ്ട്. ഒരു ദുഃഖം കാണുകയും ആ മുറിവ് ഉണങ്ങുന്നതിന് മുമ്പുതന്നെ അവരെ സഹായിക്കുകയും ചെയ്യുമ്പോഴാണ് അതിന് പരിഹാരമാകുന്നത്. എന്നെങ്കിലും സഹായം നൽകിയിട്ട് കാര്യമില്ല. മുറിവേറ്റിരിക്കുന്നവരുടെ മുറിവുണങ്ങാൻ മരുന്ന് വയ്ക്കേണ്ടതിന് നിശ്ചിത സമയമുണ്ട്. അതെല്ലാം കഴിഞ്ഞിട്ടും സംസ്ഥാന ഭരണകൂടം പലപ്പോഴും ഓർമ്മിപ്പിച്ചിട്ടും മുഖ്യമന്ത്രി നേരിൽകണ്ട് പറഞ്ഞിട്ടും മാധ്യമങ്ങൾ ഒരുപോലെ ശബ്ദമുയർത്തിയിട്ടും പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടുമൊന്നും കേന്ദ്രം കണ്ണുതുറക്കുന്നില്ലെന്നത് വളരെ ഖേദകരമായ കാര്യമാണ്. ഇനിയെങ്കിലും പ്രധാനമന്ത്രിയിൽനിന്നും ഒരു സഹായം എല്ലാം നഷ്ടപ്പെട്ടവർക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രത്തിൽനിന്നും സഹായമൊന്നും ലഭിച്ചില്ലെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നമുക്ക് സഹായങ്ങൾ ലഭിച്ചു. സന്നദ്ധ സംഘടനകൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയവർ, നേരിട്ട് സഹായം

നൽകാൻ തയ്യാറായി വന്നവർ എന്നിവരെയൊന്നും അഭിനന്ദിക്കാതിരിക്കാൻ നിർവാഹമില്ല. നിമിഷനേരംകൊണ്ട് അവരുടെ തീരുമാനങ്ങൾ അറിയിക്കുകയും സഹായങ്ങൾ എത്തിക്കുകയും ചെയ്യുന്ന നല്ല മനസ്സുള്ള ധാരാളം വ്യക്തികൾ ലോകത്തെമ്പാടുമുണ്ട്. അവരോടുള്ള ഈ നാടിന്റെ നന്ദി അറിയിക്കുകയാണ്. ദുരന്തത്തെ അതിജീവിച്ചവർക്ക് നമ്മളെല്ലാവരും തണലാകണം. നഷ്ടപ്പെട്ടതൊന്നും തിരിച്ചുകൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും സ്നേഹംകൊണ്ട് അവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ നമുക്ക് കഴിയും. പരാതിക്ക് ഇടവരാത്ത രീതിയിൽ ഈ ദുരന്തത്തെ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ആശ്വാസകരമാണ്. ഇനിയുള്ള നാളുകളിൽ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ ചെയ്തുകൊണ്ട് അവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ നമുക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. അതോടൊപ്പം നമ്മെ വിട്ടുപിരിഞ്ഞ സഹോദരീ-സഹോദരന്മാരുടെ ആത്മാവിന് ശാന്തി നേർന്നുകൊണ്ട് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദുരന്തത്തെ അതിജീവിച്ച സഹോദരീ-സഹോദരന്മാർക്കും കുഞ്ഞുങ്ങൾക്കും

ഇനിയുള്ള ജീവിതം മനക്കരുത്തോടെ നേരിടാൻ കഴിയട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, സമാനതകളില്ലാത്ത ദുരന്തത്തിലൂടെയാണ് വയനാടും വിലങ്ങാടും കടന്നുപോയത്. വയനാട്ടിലുണ്ടായ ദുഃഖങ്ങൾ ഓരോ കുടുംബത്തിലും വ്യത്യസ്തമാണ്. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട നിരവധി മനുഷ്യർ ഇപ്പോഴും അവിടെ അവശേഷിക്കുകയാണ്. അതിൽ ശ്രുതിയുടെയൊക്കെ നൊമ്പരം നമ്മെ വല്ലാതെ വേദനിപ്പിക്കുന്നതാണ്. ദുരന്തത്തിൽ കുടുംബത്തിലെ എല്ലാവരും നഷ്ടപ്പെട്ടു, അതിനുശേഷം പ്രതിശ്രുത വരനും നഷ്ടപ്പെട്ട സാഹചര്യത്തിൽ ശ്രുതിയെ ചേർത്തുപിടിക്കാൻ സർക്കാരും മറ്റ് സംവിധാനങ്ങളും കാണിച്ച സന്നദ്ധതയും ഈ അവസരത്തിൽ ഓർക്കുകയാണ്. 47 ആളുകളെ അവിടെ കാണാതായെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്. അത് അങ്ങേയറ്റം ഖേദകരമായി ഇപ്പോഴും നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. കാണാതായ ആളുകളെ വീണ്ടെടുക്കാനുള്ള ശ്രമം ഇനിയും തുടരേണ്ടതുണ്ട്. ഷിരൂർ ദുരന്തത്തിൽ കാണാതായ അർജ്ജുനെ 72 ദിവസത്തെ നീണ്ട

പരിശ്രമത്തിനൊടുവിൽ കണ്ടുകിട്ടിയ സംഭവം നമ്മുടെ മുമ്പിലുണ്ട്. അത്തരം ആളുകൾക്കുവേണ്ടിയുള്ള തിരച്ചിലും വീണ്ടെടുക്കാനുള്ള ശ്രമങ്ങളും ഇനിയും പുനരാരംഭിക്കണമെന്നൊരു അഭ്യർഥനയാണുള്ളത്. വയനാട്ടിനെപ്പോലെ ദുരന്തഭൂമിയായി മാറിയ മറ്റൊരു സ്ഥലമാണ് വിലങ്ങാട്. കോഴിക്കോട് ജില്ലയിലെ വിലങ്ങാടിൽ ഈ വർഷം മാത്രമല്ല 2017-ലും 2019-ലുമൊക്കെ ഉരുൾപൊട്ടലുണ്ടായപ്പോൾ വലിയ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവിടെ ഇപ്പോൾ വലിയതോതിൽ ജീവൻ നഷ്ടപ്പെട്ടിട്ടില്ലെങ്കിലും വൻ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. അന്ന് നിരവധി മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ മാത്യു മാഷ് എല്ലാവർക്കും അലർട്ട് കൊടുത്ത് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയെങ്കിലും അവസാനം അദ്ദേഹത്തെ മലവെള്ളമെടുക്കുകയാണുണ്ടായത്. ഏക്കർ കണക്കിന് കൃഷിഭൂമി നശിച്ചു, അൻപതിലധികം ഏക്കർ കൃഷി ഭൂമി നശിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. അവിടെ ഇപ്പോൾ ആളുകൾക്ക് കൃഷി ചെയ്ത് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അവിടേയ്ക്ക് വേണ്ടത്ര സർക്കാർ സംവിധാനം എത്തിയോ എന്നൊരു സംശയംകൂടിയുണ്ട്. വിലങ്ങാടിന്റെ കാര്യത്തിൽ സർക്കാരിന്റെ

ഭാഗത്തുനിന്നും ഒന്നുകൂടി ശ്രദ്ധയുണ്ടാകണം. അവിടെ ലോണെടുത്തവർക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയല്ല വേണ്ടത്. മറിച്ച് അവരുടെ കാർഷിക കടങ്ങളുൾപ്പെടെ എഴുതിത്തള്ളുന്ന സാഹചര്യം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇനിയെങ്ങനെ ജീവിക്കുമെന്ന ആശങ്കയിൽ വിലങ്ങാടുള്ള മനുഷ്യർ ഇപ്പോഴും നിൽക്കുകയാണ്. ആ തരത്തിലുള്ള പരിഗണന വിലങ്ങാടിനുകൂടിയുണ്ടാകണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഈ രണ്ട് സ്ഥലങ്ങളിലെയും ദുരന്തബാധിതരുടെ ദുഃഖത്തോടൊപ്പം പങ്കുചേരുന്നു. അന്തരിച്ച എല്ലാവർക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റുള്ളവരും പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്. നമ്മുടെ സംസ്ഥാനത്തുണ്ടായ ഏറ്റവും വലിയ ദുരന്തത്തെക്കുറിച്ച് വളരെ വേദനയോടുകൂടിയാണ് പറയാനുള്ളത്. ഇനി ഇത്തരത്തിലുള്ള ഒരു ദുരന്തമുണ്ടാകാതിരിക്കാൻ നമ്മൾ എന്ത് ചെയ്യണമെന്നതിനെക്കുറിച്ചുള്ള വിശദമായ ചർച്ചയുണ്ടാകണം. പ്രത്യേകിച്ചും

റവന്യു-ദുരന്തനിവാരണ വകുപ്പുകൾ ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. സമാനതകളില്ലാത്ത ദുരന്തമുണ്ടായപ്പോൾ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് സർക്കാരും സന്നദ്ധ സംഘടനകളും സന്നദ്ധപ്രവർത്തകരുമൊക്കെ നടത്തിയത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ, വ്യക്തികൾ ഇങ്ങോട്ടുവന്ന് ഞങ്ങൾ പുനരധിവാസ പ്രവർത്തനങ്ങൾക്ക് തയ്യാറാണെന്നും ഞങ്ങൾക്ക് ഇന്നേയ്ക്ക് സ്ഥലം നൽകിയാൽ അവിടെ വലിയ ടൗൺഷിപ്പുണ്ടാക്കി നൽകാമെന്നും പറഞ്ഞാൽ അത് നമ്മൾ സ്വീകരിച്ചേ മതിയാകൂ. വളരെ മികച്ച രീതിയിൽ അവർ ഇടപെടുമെന്ന കാര്യത്തിൽ സംശയമില്ല. അതിനായി നിരവധി വ്യക്തികളും സന്നദ്ധ സംഘടനകളും മുന്നോട്ടുവന്നിട്ടുണ്ട്. അതിന് നമ്മൾ തയ്യാറാകണം. ഇനിയൊരു ദുരന്തമുണ്ടാകരുത്. ഇവിടെ ശ്രീമതി കെ. കെ. രമ സൂചിപ്പിച്ചതുപോലെ ഞങ്ങൾ വിലങ്ങാട് പോയപ്പോൾ കണ്ട കാഴ്ച വളരെ വേദനാജനകമാണ്. മാത്യു മാഷിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നിരവധി ജീവനുകൾ രക്ഷപ്പെടുത്തുന്നതിനിടയിലാണ് അദ്ദേഹം മരണപ്പെട്ടത്.

അദ്ദേഹത്തിന്റെ ഭാര്യ ഒറ്റയ്ക്കാണ് താമസിക്കുന്നത്. മക്കൾ പുറംസ്ഥലത്ത് ജോലിയിലാണ്. അദ്ദേഹത്തിന്റെ ഭാര്യക്ക് എന്തെങ്കിലും ജോലി കൊടുക്കേണ്ടതുണ്ട്. അങ്ങനെയൊക്കെ ചെയ്തുകൊണ്ട് ഓരോരുത്തരെയും സഹായിക്കാൻ മുന്നോട്ടുവന്നാൽ നമ്മൾ ചെയ്യുന്ന ഏറ്റവും നല്ല കാര്യമായി അത് മാറും. ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും ദുരന്തഭൂമി കേന്ദ്രീകരിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. പക്ഷെ ഇതുകൊണ്ടൊന്നും അവിടത്തെ ജനങ്ങളുടെ വേദന അവസാനിക്കുകയില്ല. വേദന അവസാനിക്കണമെങ്കിൽ പുനരധിവാസം നിർബന്ധമാണ്. കേന്ദ്രത്തോട് സൂചിപ്പിച്ചപ്പോൾ അവർ കൈമലർത്തുകയാണ് ചെയ്തത്. എന്താണ് വേണ്ടതെന്നത് ഈ നിയമസഭ ഒറ്റക്കെട്ടായി കേന്ദ്രത്തോട് ആവശ്യപ്പെടണം. ദുരന്തത്തിൽ കുടുംബം നഷ്ടപ്പെട്ടവരും ജീവൻ നഷ്ടപ്പെട്ടവരുമുണ്ട്. അവരുടെ വേദനയിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇവിടെ പ്രകടിപ്പിച്ച എല്ലാ

വികാരങ്ങളോടും യോജിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം സമീപകാലത്തുണ്ടായിട്ടില്ലാത്ത ഏറ്റവും വലിയ ദുരന്തത്തിനാണ് വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും നാം സാക്ഷ്യം വഹിക്കേണ്ടി വന്നത്. നിരവധി ജീവനുകൾ നഷ്ടപ്പെടുകയും നിരവധി കുടുംബങ്ങളുടെ ജീവനോപാധികൾ എന്നന്നേയ്ക്കുമായി ഇല്ലാതായിപോകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വിലങ്ങാടുണ്ടായ ദുരന്തത്തിൽ ആൾനാശം കുറവാണെങ്കിലും വലിയരീതിയിൽ കൃഷിയിടങ്ങൾ ഒലിച്ചുപോയിട്ടുണ്ട്. അവരുടെ ജീവിതോപാധി എന്ന നിലയ്ക്ക് അവർക്ക് അതിനുള്ള പരിഹാരങ്ങൾ ലഭ്യമാകേണ്ടതായിട്ടുണ്ട്. വലിയ രീതിയിൽ മരണം സംഭവിച്ചിട്ടില്ലെങ്കിലും പ്രകൃതി ദുരന്തത്തിന്റെ കാര്യത്തിൽ വയനാടിനോടടുത്തുതന്നെ വിലങ്ങാടും നിൽക്കുകയാണ്. രണ്ട് പ്രശ്നങ്ങളെയും സമഗ്രമായിത്തന്നെ നമുക്ക് അഭിമുഖീകരിക്കേണ്ടതുണ്ട്. വീട് നഷ്ടപ്പെട്ട മുഴുവൻ ആളുകൾക്കും വീട് കൊടുക്കാനുള്ള പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് ഏറെ ശ്ലാഘനീയമാണ്. ടൗൺഷിപ്പ് നിർമ്മിച്ചുകൊണ്ട് എല്ലാ വിഭാഗം ആളുകളെയും പഴയതുപോലെ

ഏകോപിപ്പിച്ച് നിർത്താനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യരായ മന്ത്രിമാർ ദിവസങ്ങളോളം അവിടെ ക്യാമ്പ് ചെയ്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയുണ്ടായി. മറ്റ് പല സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി പ്രതിപക്ഷവും കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും സന്നദ്ധസേനകളും ഒന്നിച്ചുചേർന്നുകൊണ്ടുള്ള വലിയ ദുരിതാശ്വാസ പ്രവർത്തനമാണ് വയനാട്ടിൽ നടത്തിയിട്ടുള്ളത്. പല കാര്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാകാറുള്ളതുപോലെതന്നെ ദുരിതാശ്വാസ രംഗത്തും ഒറ്റക്കെട്ടായി രാഷ്ട്രീയ-ജാതി-മത ചിന്തകൾ വെടിഞ്ഞുകൊണ്ട് നാം നടത്തിയിട്ടുള്ള പ്രവർത്തനം ഇന്ത്യാ രാജ്യം നന്ദിയോടെ സ്മരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രാജ്യം ഭരിക്കുന്ന ഗവൺമെന്റ് എന്ന നിലയ്ക്ക് കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കേണ്ട ഒരുപാട് അവകാശങ്ങളുണ്ട്. പലപ്പോഴും അത് നിഷേധിക്കപ്പെടുന്നുവെന്നത് ഏറെ ദുഃഖകരമാണ്. ഇന്ത്യയുടെ പ്രധാനമന്ത്രി വയനാട്ടിൽ വന്ന് ദുഃഖബാധിതരെ നേരിൽ കാണുകയും സമാശ്വസിപ്പിക്കുകയും ചെയ്തത് നമ്മൾ കണ്ടതാണ്.

അവിടംമുതൽ കേന്ദ്ര സഹായത്തെ വലിയ പ്രതീക്ഷയോടുകൂടിയാണ് കേരളം ഉറ്റുനോക്കുന്നത്. പക്ഷെ ഇതുവരെ ഒരു സഹായവും പ്രഖ്യാപിക്കപ്പെട്ടിട്ടില്ലെന്നത് ഏറെ വേദനാജനകമാണ്. തുടർന്നുള്ള ദിവസങ്ങളിലെങ്കിലും കേരളത്തിലെ ആബാലവൃദ്ധം ജനതയുടെ ആവശ്യമെന്ന നിലയിലും കേരളത്തിലെ പാവപ്പെട്ടവരുടെ പ്രശ്നമെന്ന നിലയിലും കേന്ദ്രം കനിയുമെന്ന് നമ്മൾ പ്രതീക്ഷിക്കുകയാണ്. അതിനുവേണ്ട ശ്രമങ്ങൾ നമ്മൾ തുടരേണ്ടതുണ്ട്. അതോടൊപ്പം ഇനിയും ഇത്തരം ദുരിതങ്ങൾ ആവർത്തിക്കാതിരിക്കാൻ പരിസ്ഥിതിലോല പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കാവശ്യമായ രീതിയിലുള്ള മുന്നറിയിപ്പ് നൽകാൻ എന്തൊക്കെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താൻ പറ്റുമോ അതൊക്കെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്നാണ് സാന്ദർഭികമായി സൂചിപ്പിക്കാനുള്ളത്. വയനാട് ദുരന്തത്തിൽ മരിച്ചില്ലെങ്കിലും മരണത്തോട് മല്ലിട്ടുനിന്ന് തങ്ങളുടെ സമ്പാദ്യങ്ങളെല്ലാം

നഷ്ടപ്പെട്ട നിരവധി ആളുകളുണ്ട്. അവർക്ക് തുടർന്ന് ജീവിക്കാൻ സാധിക്കുന്ന തരത്തിൽ നഷ്ടപ്പെട്ടുപോയ ഭൂമിക്കുപകരം എന്ത് ചെയ്യാൻ പറ്റുമെന്നുകൂടി ഗൗരവതരമായി നാം ചിന്തിക്കേണ്ടതുണ്ട്. വയനാട്ടിലെ ദുരിതബാധിതരുടെ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

ശ്രീ. ആന്റണി രാജു: സർ, കേരള ചരിത്രത്തിലെ ഏറ്റവും അധികം മനുഷ്യജീവൻ കവർന്ന ദുരന്തത്തെയാണ് നാം അഭിമുഖീകരിച്ചത്. ശാസ്ത്ര സാങ്കേതികവിദ്യയുടെ അത്ഭുതകരമായ വളർച്ചയുടെ ഈ കാലഘട്ടത്തിൽ ശാസ്ത്രംപോലും പരാജയപ്പെടുന്നതാണ് നാമെല്ലാം കണ്ടത്. ദുരന്തസമയത്ത് വിവിധ വകുപ്പുകളുടെ സമയബന്ധിതവും സമാനതകളില്ലാത്തതുമായ രക്ഷാപ്രവർത്തനമാണ് വയനാട്ടിൽ കാണാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശാനുസരണം റവന്യൂ വകുപ്പുമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ മന്ത്രിമാരുടെ ഒരു സംഘം ഒരു മാസത്തിലേറെ കാലം അവിടെ ക്യാമ്പ് ചെയ്തുകൊണ്ട് രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പരാതിക്കിടയില്ലാത്ത വിധം നേതൃത്വം നൽകിയ കാഴ്ചയും കേരളം കണ്ടു.

ദുരന്തത്തെ അഭിമുഖീകരിക്കുമ്പോൾ ഒരുമിക്കുന്ന മലയാളി മനസ്സിനെയും ഒരിക്കൽക്കൂടി ലോകം കണ്ടു. പുനരധിവാസ പ്രവർത്തനങ്ങളിൽ വളരെ കൃത്യതയോടെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സുസ്ഥിരമായ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന ഗവൺമെന്റിന്റെ തീരുമാനത്തെ പ്രതീക്ഷയോടെയാണ് എല്ലാവരും നോക്കികാണുന്നത്. ദുരന്തബാധിതരുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തെ കരയിപ്പിച്ച വലിയൊരു സംഭവമാണ് വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായിട്ടുള്ളത്. ഈ അതിദാരുണമായ സംഭവം അറിഞ്ഞയുടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും ഉപനേതാവുമുൾപ്പെടെയുള്ളവരെല്ലാം അവിടെയെത്തുകയുണ്ടായി. വലിയ സഹായങ്ങളാണ് എല്ലാവരും നൽകിക്കൊണ്ടിരിക്കുന്നത്. നിയമസഭാ സമിതിയുമായി ബന്ധപ്പെട്ട് ഒഡീഷ സന്ദർശിച്ചപ്പോൾ വയനാട്ടിലുണ്ടായ ദുരന്തത്തിൽ ഞങ്ങളും വീട് നിർമ്മിച്ച് നൽകാമെന്നാണ് അവിടത്തെ മലയാളി അസോസിയേഷൻ സമിതി മുമ്പാകെ പറഞ്ഞത്. ഇന്ത്യയിലെ

എല്ലാ സംസ്ഥാനങ്ങളിലും മലയാളികൾ താമസിക്കുന്നുണ്ട്. അവരെല്ലാം വീട് നിർമ്മിച്ച് നൽകാൻ തയ്യാറുമാണ്. അതുപോലെ വിദേശ മലയാളികളടക്കം നിരവധിപേർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഞാൻ സ്കൂളിൽ പഠിക്കുമ്പോഴാണ് കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായ പെരുമൺ തീവണ്ടി ദുരന്തമുണ്ടായത്. നൂറിലധികം ആളുകൾ അവിടെ മരിച്ചു. അതിനുശേഷം എന്റെ ജീവിതത്തിൽ കണ്ട ഏറ്റവും വലിയ ദുരന്തമാണ് മുണ്ടക്കൈയിലും ചൂരൽമലയിലും വിലങ്ങാട്ടുമുണ്ടായിട്ടുള്ളത്. നിരവധിപേരെ നമുക്ക് നഷ്ടപ്പെട്ടു. ഒരു കുഞ്ഞിന്റെ കരച്ചിൽ കണ്ടപ്പോൾ വലിയ മനോവിഷമം തോന്നി. ഒരുപാട് ആളുകളുടെ തേങ്ങലുകൾ ഇപ്പോഴും നമ്മുടെ കാതുകളിൽ നിറഞ്ഞുനിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയ മന്ത്രിമാരായ സർവ്വശ്രീ കെ. രാജൻ, പി. എ. മുഹമ്മദ് റിയാസ്, എ. കെ. ശശീന്ദ്രൻ, ഒ. ആർ. കേളു തുടങ്ങിയവർ വീടുകളിൽ പോകാതെ അവിടെ ക്യാമ്പ് ചെയ്തുകൊണ്ടാണ് സർക്കാരിനുവേണ്ടി പ്രവർത്തിച്ചത്. വയനാട് ജില്ലയിലെ എം.എൽ.എ.-മാരായ ശ്രീ. ടി. സിദ്ദിഖും ശ്രീ. ഐ. സി. ബാലകൃഷ്ണനും അവിടത്തെ മന്ത്രിയായ ശ്രീ. ഒ. ആർ. കേളുവും

പൂർണ്ണമായും അവിടെനിന്നാണ് പ്രവർത്തിച്ചത്. കേരളത്തിലെ മുഴുവൻ വകുപ്പുകളും വളരെ നന്നായി ജോലി ചെയ്യുകയും വിജയകരമായി അത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ നിരവധി സഹായങ്ങൾ വാഗ്ദാനം ചെയ്തുവെങ്കിലും ആ സഹായങ്ങളെല്ലാം പത്രത്തിലൂടെ മാത്രമെയുള്ളൂവെന്നത് ഒരു വസ്തുതയായി കാണുന്നു. സഹായം ലഭിക്കുമെന്നുള്ള പ്രതീക്ഷയാണ് കേരളത്തിനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും പ്രതിപക്ഷവും പൂർണ്ണമായും സഹകരിച്ചുകൊണ്ടാണ് ഈ ദുരന്തത്തെ നേരിട്ടത്. ദുഃഖിതരായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേർന്നുകൊണ്ട് എന്റെ പാർട്ടിയുടെ എല്ലാവിധമായ അനുശോചനവും ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, വയനാട്ടിലുണ്ടായ മഹാദുരന്തത്തിൽ അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റുനേതാക്കളും

പങ്കുവച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. നാടിനെ നടുക്കിയ ഏറ്റവും വലിയ ദുഃഖകരമായ ദുരന്തമാണ് വയനാട്ടിൽ സംഭവിച്ചത്. ജീവനും സ്വത്തും സകലതും നഷ്ടപ്പെട്ട ഹൃദയഭേദകമായ കാഴ്ചയാണ് വയനാടും വിലങ്ങാടും കാണാൻ സാധിച്ചത്. എല്ലാം നഷ്ടപ്പെട്ടവരുടെ ദീനരോദനവും ദയനീയാവസ്ഥയും നമുക്ക് മറക്കാൻ സാധിക്കുന്നതല്ല. ആ ജനതയുടെ മുഴുവൻ വികാരങ്ങളും ഹൃദയത്തോട് ചേർത്തുപിടിച്ചുകൊണ്ട് അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ കാണിക്കുന്ന അവഗണനയോട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളും പൂർണ്ണമായി മനസ്സിൽ ഏറ്റെടുത്ത് സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. 2024 ജൂലൈ 29-ാം തീയതി അർധരാത്രി കഴിഞ്ഞ് ഒന്നര മണിയോടടുത്ത സമയത്താണ് ഏറ്റവും വലിയ ഉരുൾപൊട്ടലും അതിനെത്തുടർന്നുണ്ടായ ഡാം ദുരന്തംപോലെയുള്ള അനുബന്ധ ദുരന്തങ്ങളുമുൾപ്പെടെ മുണ്ടക്കൈയിലും

ചൂരൽമലയിലുമുണ്ടായത്. അത് കേരളത്തെ മാത്രമല്ല ഇന്ത്യാ രാജ്യത്തെ ഏറ്റവും വലിയ പ്രകൃതി ദുരന്തമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. അവിടെ അൻപതോളം ആളുകളെ ഇനിയും വീണ്ടെടുക്കാനുണ്ട്. നിരവധി സാമൂഹിക പ്രത്യാഘാതങ്ങളുമുണ്ടായിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾക്കും സാമൂഹിക ദുരന്തങ്ങൾക്കും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുംശേഷം ഇന്ന് നാം അനുഭവിക്കുന്നത് കടുത്ത രീതിയിലുള്ള പ്രയാസകരമായ സാഹചര്യമാണ്. അതിനെ നമുക്ക് ഒറ്റക്കെട്ടായി അതിജീവിക്കേണ്ടതും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഏകോപനം നടത്തേണ്ടതുമുണ്ട്. മുൻകരുതൽ നടപടികളെക്കുറിച്ച് വളരെ വിശദമായ ചർച്ച നടത്തി ഇതുപോലെ ശ്രദ്ധാഞ്ജലി അർപ്പിക്കേണ്ട സാഹചര്യം ഒഴിവാക്കുക മാത്രമല്ല ഇനിയൊരു ദുരന്തമുണ്ടാകാത്ത രീതിയിൽ നമ്മുടെ നാടിനെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നതാണ് നമ്മുടെ ഉത്തരവാദിത്വം. അഗ്നിപർവ്വതം പൊട്ടുന്നതിനുമുമ്പോ ടൊർണാഡോ ഉണ്ടാകുന്നതിന് മുമ്പോ കടുത്ത മഴയുണ്ടാകുന്നതിന് മുമ്പോ എല്ലാ രീതിയിലുള്ള മുൻകരുതലുകളും നൽകാൻ ലോകത്തെ ആധുനിക

ശാസ്ത്രസാങ്കേതിക സംവിധാനമുപയോഗിച്ച് സാധ്യമാണ്. ശരിയായ മുൻകരുതൽ നടപടികൾ സ്വീകരിച്ച് നാടിനെ കാക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുകയാണ് വേണ്ടതെന്നാണ് ഈ ദുരന്തം നൽകുന്ന പ്രധാന സൂചന. ഞാൻ ഒറ്റക്കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. വയനാട്ടിൽ ഒരു കുട്ടി മുപ്പതിലധികം വിദ്യാർഥികൾക്ക് ട്യൂഷനെടുത്തിരുന്നു. അതിൽ അഞ്ച് കുട്ടികൾ മാത്രമാണ് ഇപ്പോൾ ബാക്കിയുള്ളത്. മെന്റൽ ട്രോമയിലൂടെ കടന്നുപോകുന്നവർക്ക് സൈക്കോ തെറാപ്പിയടക്കം നടത്തിയിട്ടും ഇപ്പോഴും അതിൽനിന്നും മോചിതരാകാത്തവരുണ്ട്. ഇപ്പോൾ ഡി.എൻ.എ. ടെസ്റ്റ് നടത്തി ഓരോ ഫലങ്ങൾ പുറത്തുവരുമ്പോൾ ആ ഫലങ്ങൾക്കനുസരിച്ച് മൃതദേഹങ്ങൾ ഓരോയിടത്തുനിന്നും മാറ്റുകയാണ്. നാളെ ജോണിയുടെ മൃതദേഹം പൊതുശ്മശാനത്തിൽനിന്ന് ചൂരൽമലയിലെ സെന്റ് സെബാസ്റ്റ്യൻ ചർച്ചിലേയ്ക്ക് മാറ്റുകയാണ്. ഇത്തരത്തിൽ മൃതദേഹങ്ങൾ പൊതുശ്മശാനത്തിൽനിന്ന് മേപ്പാടിയിലെ മാരിയമ്മൻ ക്ഷേത്രത്തിന്റെ പൊതുശ്മശാനത്തിലേയ്ക്കും കബർസ്ഥാനിൽനിന്ന്

പൊതുശ്മശാനത്തിലേയ്ക്കുമൊക്കെ മാറ്റുന്നു. അങ്ങനെ പരസ്പരം ഐക്യത്തോടുകൂടി ഒരു ജനത ഇപ്പോഴും ആ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. തോരാത്ത വേദനയിലും പ്രയാസങ്ങളിലും അതിജീവനത്തിന്റെ കരുത്തുനേടാൻ ആഗ്രഹിക്കുന്ന വയനാട്ടിലെ ജനതയെ ചേർത്തുനിർത്തി ഒറ്റക്കെട്ടായി മുന്നോട്ടുപോകുകയും ബാക്കിയായ മുഴുവൻ ആളുകളെയും ജീവിതത്തിൽ പകച്ചുനിൽക്കാനിടയാക്കാതെ സമ്പൂർണ്ണമായി ചേർത്തുനിർത്തി പുനരധിവാസ പ്രവർത്തനം നടത്തേണ്ടതുമുണ്ട്. പുനരധിവാസം സ്ട്രക്ച്ചറൽ മാത്രമാകാതെ അവരുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസ-ആരോഗ്യ വികാസ പ്രവർത്തനം ലക്ഷ്യമാക്കി നടത്തണം. സമ്പൂർണ്ണ പുനരധിവാസത്തിലേയ്ക്ക് കൊണ്ടുപോകാനാവശ്യമായ എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ച് മുന്നോട്ടുപോകണമെന്ന് പ്രത്യേകം പറയുന്നു. ഞാൻ എന്റെ തിരഞ്ഞെടുപ്പ് പ്രവർത്തനം ആരംഭിച്ചത് മുണ്ടക്കൈയിൽ നിന്നായിരുന്നു. ഇപ്പോൾ മുണ്ടക്കൈയിൽ ആ സ്ഥലങ്ങളുമില്ല ആളുകളുമില്ല. നമ്മളൊക്കെ വന്നതും ചേർന്നുവന്നതുമായ സ്ഥലങ്ങളാണവ. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും

മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും രാഷ്ട്രീയ കക്ഷിനേതാക്കളും ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്ക ഗാന്ധിയും ശ്രീ. കെ. സി. വേണുഗോപാലുമുൾപ്പെടെയുള്ള നിരവധി നേതൃത്വം അവിടെ വന്നു. അവിടെ ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്ത് മുന്നോട്ടുപോകുകയാണ്. ഇന്ത്യാ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രകൃതി ദുരന്തങ്ങളിൽ വേദനിക്കുന്ന ആളുകളുടെ അതേ മനോവേദന വയനാട്ടിലുള്ള ആളുകൾക്കുമുണ്ടെന്ന് ഈ രാജ്യത്തിന്റെ ഭരണകൂടത്തോട് ഒരു വരി ചേർത്ത് പറയാൻ ആഗ്രഹിക്കുകയാണ്. നമ്മിൽനിന്ന് അകന്നുപോയ, ഉറങ്ങിക്കിടന്ന സമയത്ത് അർധരാത്രിയിൽ പ്രകൃതി ദുരന്തം എടുത്തുകൊണ്ടുപോയ പ്രിയപ്പെട്ട സഹോദരന്മാരുടെ തീരാഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, സമാനതകളില്ലാത്ത ഒരു ദുരന്തത്തെ അനുസ്മരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും മറ്റ് കക്ഷിനേതാക്കന്മാരുമെല്ലാം സംസാരിച്ചത്. കാലാവസ്ഥാ വ്യതിയാനംമൂലം

പ്രവചിക്കാൻ കഴിയാത്ത തരത്തിലുള്ള സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്. വയനാടും വിലങ്ങാടും ഒരേ ദിവസമാണ് ദുരന്തമുണ്ടായത്. വിലങ്ങാടിൽ 2018-ൽ ദുരന്തമുണ്ടായതിന്റെ അനുഭവം അവർക്കുണ്ട്. 'അനുഭവമാണ് ഗുരുനാഥൻ' എന്ന നിലയ്ക്ക് അവിടത്തെ സമൂഹത്തിന് ബോധ്യമായതുകൊണ്ടാണ് ഇപ്പോഴുണ്ടായ ദുരന്തത്തിൽ അവിടെ മരണനിരക്ക് കുറയ്ക്കാൻ സാധിച്ചത്. ഒരേസമയം ഏകദേശം നൂറോളം സ്ഥലങ്ങളിലാണ് വലുതും ചെറുതുമായി ഉരുൾപൊട്ടിയത്. ആ വെള്ളം നാൽപ്പത്തിയഞ്ച് കിലോമീറ്റർ ദൂരം പുഴയിലൂടെ ഒഴുകിയാണ് മാഹിയിലേക്കെത്തുന്നത്. അതിന്റെ ഭാഗമായി പുഴ കടന്നുപോകുന്ന പഞ്ചായത്തുകളുടെ ഓരങ്ങളിലെല്ലാം നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉരുൾപൊട്ടിയ സമയത്ത് മരണപ്പെട്ട മാത്യൂ മാഷിനോടൊപ്പം വളയത്തെ ഒരു പിഞ്ചുകുഞ്ഞും എടച്ചേരിയിലെ ഒരു ചെറുപ്പക്കാരനും വെള്ളത്തിൽ മുങ്ങിമരിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇപ്പോൾ ഡ്രോൺ പരിശോധന കഴിഞ്ഞിട്ടേയുള്ളൂ. പുനരധിവാസം എങ്ങനെയെന്ന് നിർണ്ണയിക്കാനുള്ള ശാസ്ത്രീയ പരിശോധനകൾ പൂർത്തിയായാൽ മാത്രമെ എത്രപേരെ

മാറ്റിത്താമസിപ്പിക്കേണ്ടിവരുമെന്ന് പറയാൻ കഴിയുകയുള്ളൂ. ആദ്യ റൗണ്ടിൽ പൂർണ്ണമായും ഭാഗികമായും വീടുകൾ നഷ്ടപ്പെട്ട ആളുകളെ മാറ്റിത്താമസിപ്പിച്ചെങ്കിൽ പിന്നീടുണ്ടായ ശക്തമായ മഴയിൽ പത്തെഴുപതോളം കുടുംബങ്ങളെക്കൂടി വാടകയ്ക്ക് മാറ്റിത്താമസിപ്പിച്ച സാഹചര്യവും അവിടെയുണ്ട്. കുറച്ചുപേർ കുടുംബ വീടുകളിലാണുള്ളത്. അവിടെ താമസിക്കുന്നവരോട് അല്ലെങ്കിൽ ആ പ്രദേശത്ത് നിൽക്കുന്നവരോട് അവിടെത്തന്നെ താമസിക്കണമെന്ന് പറയാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഈ പരിശോധനകൾ പൂർത്തിയാക്കിയതിനുശേഷം മാത്രമെ എത്രമാത്രം ആളുകളെ മാറ്റിത്താമസിപ്പിക്കേണ്ടിവരുമെന്ന് നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. പ്രാഥമികമായി സ്ഥലങ്ങൾ കണ്ടെത്തുന്ന പരിശോധന ജനകീയമായി അവിടെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ശാസ്ത്രീയ പരിശോധന അതിവേഗതയിൽ പൂർത്തീകരിച്ചാൽ മാത്രമേ അതിന്റെ പൂർണ്ണത കൈവരുത്താൻ സാധിക്കുകയുള്ളൂവെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. അവിടെ ആദിവാസി കുടുംബങ്ങളാണ് കൂടുതലുമുള്ളത്. അവരുടെ ജാഗ്രതയേറിയ

സമീപനം തീർച്ചയായും മരണനിരക്ക് കുറയുന്നതിൽ സഹായകരമായി. വളരെ വേഗം അവർ രക്ഷപ്പെടാനുള്ള ശ്രമങ്ങൾ നടത്തിയതിന്റെ ഭാഗമായാണ് മരണനിരക്ക് കുറഞ്ഞത്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഇതിൽനിന്ന് നാടിനെ മോചിപ്പിക്കാൻ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളുണ്ട്. അതിശക്തമായ മഴയോ കെടുതികളോ വരുമ്പോൾ അറിയിക്കാനുള്ള പ്രാദേശിക സംവിധാനമുണ്ടാകണം. ശാസ്ത്ര-സാങ്കേതിക മേഖലയിലുള്ള ഒട്ടേറെ വിദഗ്ധരുമായി നിയമസഭാ പരിസ്ഥിതി കമ്മിറ്റി ചർച്ച നടത്തിയപ്പോൾ അതിനുള്ള സംവിധാനമൊരുക്കാൻ കഴിയുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ ബാക്കി കാര്യങ്ങൾ ഞങ്ങൾ ആലോചിക്കുന്നുണ്ട്. ഏതായാലും കേരളമാകെ അത്തരമൊരു നിലപാട് സ്വീകരിക്കേണ്ട സാഹചര്യമാണുള്ളത്. 350 കിലോമീറ്ററിനെക്കാൾ വേഗതയിലായിരിക്കാം മഴവെള്ളത്തിന്റെ കുത്തൊഴുക്കുണ്ടായതെന്നാണ് വയനാട്ടിലെയും വിലങ്ങാടിലെയും ഒഴുക്കിനെക്കുറിച്ച് പ്രാഥമികമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതുപോലെ ഇനിയും മിന്നൽ മഴകൾ വരികയാണെങ്കിൽ നേരത്തെയുണ്ടായ അനുഭവം നമ്മൾ കാണേണ്ടതുണ്ട്. ബഹുമാനപ്പെട്ട

മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, കക്ഷി നേതാക്കന്മാർ എല്ലാവരും അവിടെ വന്നിട്ടുണ്ട്. പുഴയിൽ വലിയതോതിൽ മണ്ണുവന്ന് അടിഞ്ഞിരിക്കുന്നതിനാൽ ഇനിയൊരു മഴ പെയ്താൽ വളരെവേഗംതന്നെ പ്രളയമുണ്ടാകുന്ന സാഹചര്യമുണ്ടാകും. മരങ്ങൾ വലിയതോതിൽ മണ്ണിനടിയിൽ കിടപ്പുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ അന്ന് നടത്തിയ ഒരു ശ്രമത്തിനപ്പുറത്തേയ്ക്ക് അത് മാറ്റണമെങ്കിൽ പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടക്കുകയുള്ളൂവെന്ന പ്രശ്നം നിലനിൽക്കുകയാണ്. ഒട്ടേറെ പാലങ്ങളും ഗ്രാമീണ റോഡുകളും മലയോര ഹൈവേയിൽപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളും തകർന്നിട്ടുണ്ട്. അങ്ങനെ ധാരാളം നാശനഷ്ടങ്ങൾ അവിടെ സംഭവിച്ചിട്ടുണ്ട്. അതിന്റെ കണക്കുകളെല്ലാം ഗവൺമെന്റിന്റെ കൈകളിലേയ്ക്കെത്തിയിരിക്കുകയാണ്. അതെല്ലാം പുനഃസൃഷ്ടിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലേയ്ക്കാണ് നീങ്ങേണ്ടത്. ഇവിടെ സൂചിപ്പിച്ചതുപോലെ അവിടെ കൈയും മെയ്യും മറന്ന് എല്ലാവരും ഒരുമിച്ചുനിന്ന് ഉറങ്ങാതെ ദിവസങ്ങളോളം പ്രവർത്തനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴുള്ള വിലങ്ങാടായി പുന:സൃഷ്ടിക്കുന്ന നിലയിലേയ്ക്ക് വന്നിട്ടുള്ളത്.

കാരണം, എല്ലാ റോഡുകളും തകർന്നതിന്റെ ഭാഗമായി താൽക്കാലിക പാലങ്ങളിലൂടെയാണ് ആളുകൾ യാത്ര ചെയ്തുവരുന്നത്. അതിനൊക്കെ പ്രാഥമിക നിർമ്മാണങ്ങൾ ഇപ്പോൾ നിർവഹിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടുപോയ മേഖലകളിലെ ജനങ്ങളെ സഹായിക്കാൻ കണ്ണൂർ ജില്ലയിൽനിന്നുള്ള സഹായങ്ങൾകൂടി തേടിക്കൊണ്ടാണ് അവർക്ക് ഭക്ഷണസാധനങ്ങളെല്ലാം എത്തിക്കാൻ തീരുമാനിച്ചത്. ആദ്യം എട്ട് ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നെങ്കിലും പിന്നീട് ക്യാമ്പുകളൊന്നും സുരക്ഷിതമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ അവയുടെ എണ്ണം കുറച്ചുകൊണ്ടിരുന്നു. പിന്നീട് ഒരു ക്യാമ്പ് സുരക്ഷിതമാണെന്നുള്ള നിലയിലേയ്ക്ക് വന്നെങ്കിലും വീണ്ടും അതിരൂക്ഷമായ മഴവന്നതിനെത്തുടർന്ന് കളക്ടറും മറ്റുദ്യോഗസ്ഥരും ഞങ്ങളുമെല്ലാം ഒറ്റപ്പെട്ടുപോയൊരു സാഹചര്യം വന്നപ്പോൾ പോലീസിനെയും എൻ.ഡി.ആർ. സേനയെയും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ആ ക്യാമ്പും വളരെ വേഗം മാറ്റുന്ന സാഹചര്യം വന്നത്. അങ്ങനെ വല്ലാത്തൊരു സാഹചര്യത്തിൽ അകലെയുള്ള ഹയർ സെക്കൻഡറി സ്കൂളുകളിലേക്കുവരെ ക്യാമ്പുകൾ മാറ്റുന്ന

സ്ഥിതിയുണ്ടാവുകയും ചെയ്തിട്ടുണ്ട്. പുനരധിവാസത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ പരിശോധന നടത്തിയതിനുശേഷമെ എത്രപേരെ മാറ്റിത്താമസിപ്പിക്കേണ്ടി വരുമെന്ന് പറയാൻ സാധിക്കുകയുള്ളൂ. അതിന് സർക്കാരിന്റെ ഭാഗത്തുനിന്നും സത്വരമായ ശ്രമമുണ്ടാകണം. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ നമുക്ക് പ്രിയപ്പെട്ടവരായ, നമ്മോടൊപ്പം ജീവിക്കേണ്ട നിരവധി മനുഷ്യരെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അവരുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു. നമസ്കാരം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും ഇവിടെ സൂചിപ്പിച്ച വികാരത്തോട് പൊതുവെ ഈ സഭയാകെ യോജിക്കുകയാണ്. വയനാട്ടിലെ ചൂരൽമലയിലുണ്ടായ ദുരന്തത്തെക്കുറിച്ച് അംഗങ്ങൾ സംസാരിക്കുമ്പോൾ വയനാട് എന്ന പദപ്രയോഗം നടത്തുന്നത് മാറ്റി ചൂരൽമല എന്നതിലേക്ക് കേന്ദ്രീകരിച്ച് സംസാരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം വയനാട് എന്ന തുടർച്ചയായിട്ടുള്ള പദപ്രയോഗംമൂലം വയനാട്ടിലേക്ക്

ആളുകൾ എത്തുന്നതിൽപ്പോലും പ്രയാസമുണ്ടാകുന്നുവെന്ന പൊതുസമൂഹത്തിന്റെ അഭ്യർത്ഥനകൂടി കണക്കിലെടുത്തുകൊണ്ടാണ് സൂചിപ്പിക്കുന്നത്. ചൂരൽമലയിലുണ്ടായ ദുരന്തം നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനെക്കാൾ ഭീകരമാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള കക്ഷിനേതാക്കളും ഉൾപ്പെടെയുള്ളവർ എത്തിച്ചേർന്ന് എല്ലാവിധത്തിലുള്ള സഹായങ്ങൾക്കും പിന്തുണ പ്രഖ്യാപിച്ചതാണെങ്കിലും ആ ദുരന്തത്തിന്റെ ഓർമ്മകൾ ഇന്നും മനസ്സിൽ അതിഭീകരമായിട്ടുള്ള ഒരു അനുഭവമായി, തുടർച്ചയായി ആക്രമിച്ചുകൊണ്ടിരിക്കുന്ന ഒരു വികാരമായി നിലനിൽക്കുകയാണ്. ചൂരൽമലയിലെ മനുഷ്യരെ തിരിച്ചുകൊണ്ടുവരികയെന്ന പ്രയത്നം ഇതിൽ അവസാനിക്കുന്നതേയല്ല. നേരത്തെ ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ അവരെ മനസ്സുകൊണ്ട് പഴയകാലത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ വലിയ പ്രയത്നം നടത്തേണ്ടിവരും. ജീവിച്ചിരിക്കുന്നവർ ഭീകരമായ കാഴ്ചകൾ നേരിട്ടുകണ്ടതിന്റെ അനുഭവങ്ങൾ വിവരിക്കുമ്പോൾ ആരോഗ്യ വകുപ്പിന്റെ

നേതൃത്വത്തിൽ കൗൺസലർമാരെ ഉൾപ്പെടെ അണിനിരത്തിക്കൊണ്ട് എല്ലാവിധത്തിലുമുള്ള പ്രയത്നങ്ങൾ നടത്തി നമ്മളെല്ലാം ഇനിയും അവരുടെ കൂട്ടത്തിൽ നിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ദുരന്തമുണ്ടായപ്പോൾ മുണ്ടക്കൈയിലും പുഞ്ചിരിമറ്റത്തും അട്ടമലയിലും ഏറാമലയിലുമൊക്കെ നടത്തിയ തിരച്ചിലിൽ ജീവിച്ചിരിക്കുന്ന മനുഷ്യരെ ജൂലൈ 30-ന് വൈകുന്നേരത്തിനുള്ളിൽ തിരിച്ചെത്തിച്ചുവെന്നുള്ളത് ഒരു വലിയ വിജയമാണ്. തുടർന്നും അവിടെ ആളുകളെയും മൃതദേഹങ്ങളെയും മാത്രമല്ല മൃതദേഹ അവശിഷ്ടങ്ങൾപോലും കണ്ടെത്താൻ പോലീസും ഫയർഫോഴ്സും മുതൽ പട്ടാളം വരെയുള്ള പതിനെട്ട് സൈന്യ വിഭാഗങ്ങളും ഒന്നിച്ച് അണിനിരന്നു. അതിനെക്കാളുപരി ഒരു ദുരന്തമുണ്ടായപ്പോൾ സ്കൂളിൽപ്പോലും പോകാത്തവർ ശാസ്ത്രജ്ഞൻമാരായി മാറി എങ്ങനെയാണ് ഈ ദുരന്തമുഖത്തെ പ്രതിരോധിച്ചതെന്ന് നമ്മളെ ബോധ്യപ്പെടുത്തിയതാണ്. മലയാളിയുടെ ആർജവവും ആ രക്ഷാപ്രവർത്തനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായി മാറിയെന്ന് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഗംഗയുടെ തീരത്ത് പ്രളയമുണ്ടായപ്പോൾ പതിനായിരക്കണക്കിന്

മനുഷ്യശരീരങ്ങളും അതിന്റെ ഭാഗങ്ങളും ജെ.സി.ബി. ഉപയോഗിച്ച് കുഴികുത്തി മൃതശരീരാവശിഷ്ടങ്ങൾ അതിലേക്ക് സമർപ്പിച്ച് ഒരുമിച്ചിട്ട് മൂടുന്ന കാഴ്ചകണ്ട് മരവിച്ച മനസ്സോടെ നിൽക്കുന്ന ഇന്ത്യയുടെ മുമ്പിൽ തിരിച്ചറിയാത്ത ഏതാണ്ട് വലിയൊരു സംഖ്യ വരുന്ന മൃതശരീരങ്ങളും അവശിഷ്ടങ്ങളും രാഷ്ട്രീയത്തിനും ജാതിക്കുമതീതമായി ചെറുപ്പക്കാരായ മനുഷ്യർ എല്ലാ ബഹുമാനങ്ങളോടുംകൂടി ഡി.എൻ.എ. ടെസ്റ്റ് റിസൽട്ട് എഴുതി രേഖപ്പെടുത്തി ഓരോ കുഴികളിലേക്കും സമർപ്പിക്കുന്ന കാഴ്ച ഒരുപക്ഷേ ലോകത്തിന് മുമ്പിൽ കേരളം കാണിച്ച ഒരു വലിയ മാതൃകയായി മാറുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ആ ഘട്ടത്തിൽത്തന്നെ പ്രാഥമിക സഹായങ്ങളുൾപ്പെടെയുള്ളവ സമയബന്ധിതമായി എത്തിക്കാൻ എല്ലാവരുടേയും സഹായത്തോടുകൂടിയുള്ള വലിയ പരിശ്രമമാണ് നടത്തിയത്. ശവസംസ്കാരം നടത്തുന്നതിന്റെ ഭാഗമായുള്ള 10,000/- രൂപയുടെ ധനസഹായം, ദുരിതബാധിതർക്ക് അടിയന്തര സഹായമെന്ന നിലയിൽ വിതരണം ചെയ്ത 10,000/- രൂപയുടെ ധനസഹായം, സമാശ്വാസ തൊഴിൽ പദ്ധതിയെന്ന നിലയിൽ ഒരു വീട്ടിലെ

രണ്ടുപേർക്ക് 300/- രൂപ വീതം 1,88,37,000/- രൂപ, വാടകയിനത്തിൽ 817 കുടുംബങ്ങൾക്ക് 6,000/- രൂപ വീതം എന്നിവ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ ഇത്തരമൊരു ദുരന്തഘട്ടത്തിൽ ചെയ്യാൻ കഴിയുന്നതെല്ലാം എല്ലാവരുമായി കൂടിയാലോചിച്ച് നന്നായി നിർവഹിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മേപ്പാടിക്കും ചൂരൽമലയ്ക്കുംവേണ്ടി ചെയ്ത സഹായങ്ങളെല്ലാം തന്നെ വിലങ്ങാടും ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം സാധിച്ചിട്ടുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങളെത്തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടാകുമോയെന്നതാണ് ഈ തീരാദുഃഖത്തിനിടയിലും നമുക്കിടയിൽ നിലനിൽക്കുന്നൊരു ആശങ്ക. അത് പരാതിയല്ല മറിച്ച് ആശങ്കയാണ്. സ്വാഭാവികമായും ഉണ്ടാകാൻ സാധ്യതയുള്ളൊരു വിഷയമാണത്. കാരണം, ഓരോ മലയാളിയും ചൂരൽമലയിലെ ദുരന്തത്തോട് ഹൃദയം കൊണ്ട് അത്രമേൽ ചേർന്ന് നിൽക്കുകയാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവകക്ഷി യോഗത്തിൽ മുന്നോട്ടുവച്ചൊരു നിർദ്ദേശം അവിടെയൊരു ടൗൺഷിപ്പ്

യാഥാർഥ്യമാക്കുകയെന്നതായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ അദ്ദേഹവും പ്രതിപക്ഷവും വിവിധ കക്ഷി നേതാക്കളും അതിനുവേണ്ടി എല്ലാ അർഥത്തിലുമുള്ള പിന്തുണയാണ് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനായി വയനാട്ടിൽ ഭൂമി ഏറ്റെടുക്കുമ്പോൾ അവിടത്തെ ഭൂമിക്ക് പല തരത്തിലുള്ള പ്രത്യേകതകളുമുണ്ടെന്ന കാര്യം കണക്കിലെടുക്കണം. ഭൂപരിഷ്കരണ നിയമത്തിന്റെ 81(3) പ്രകാരം എക്സംപ്ഷൻ ലഭിച്ച പ്ലാന്റേഷനുകളുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പ് ഭൂമി ഉപയോഗിച്ചിരുന്നവർ ലാൻഡ് റിസംപ്ഷൻ പ്രകാരം ടി ഭൂമി കൈമാറിയത് ശരിയാണോ എന്ന പ്രശ്നത്തിൽ കോടതികളിൽ കേസ് നിലനിൽക്കുന്ന സ്ഥലങ്ങളുണ്ട്. ഇതൊക്കെയാണ് അധികമുള്ള ഭൂമിയായി കാണുന്നത്. അതുകൊണ്ടുതന്നെ അക്കാര്യത്തിലൊരു തീരുമാനമുണ്ടാക്കിയിട്ടുമുണ്ട്. അതുകൊണ്ട് 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റ് പ്രകാരം ദുരന്തമുണ്ടായ സ്ഥലത്തിന് ഏറ്റവുമടുത്ത് കോട്ടപ്പടി വില്ലേജിലെ നെടുമ്പാലയിലെ ഏതാണ്ട് 65 ഹെക്ടർ പ്ലാന്റേഷനും കൽപ്പറ്റ വില്ലേജിലെ

എൽസ്റ്റൺ എസ്റ്റേറ്റിലെ ഏതാണ്ട് 78.73 ഹെക്ടർ ഭൂമിയും ഏറ്റെടുത്ത് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. മാത്രമല്ല, ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റനുസരിച്ച് ടി ഭൂമി ഉപയോഗിക്കാനുള്ള രണ്ട് കാരണങ്ങളിലൊന്ന് ലാൻഡ് റിസംപ്ഷൻ നിലകൊള്ളുന്നവെന്നുള്ളതും ലാൻഡ് അക്വിസിഷൻ നടപടികളിലേയ്ക്ക് കടന്നാൽ ടി ഭൂമിയിന്മേൽ അവകാശ തർക്കമുണ്ടാകുമെന്നതും കാലതാമസമുണ്ടാകുമെന്നുമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റ് പ്രകാരം ഭൂമി ഏറ്റെടുക്കാൻ തീരുമാനമെടുക്കുമ്പോഴും ബന്ധപ്പെട്ടവരുമായി ആവശ്യമായ കൂടിയാലോചനകൾ നടത്തി യാതൊരു തർക്കവുമില്ലാത്ത വിധത്തിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലേയ്ക്ക് കടക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഏറ്റവും ചുരുങ്ങിയത് 1000 സ്ക്വയർ ഫീറ്റെങ്കിലുമുള്ളൊരു വീട് അവർക്കായി നിർമ്മിച്ച് നൽകണമെന്നതായിരുന്ന സർവ്വകക്ഷി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവച്ച നിർദേശങ്ങളിലൊന്ന്. പക്ഷേ 1000 സ്ക്വയർ ഫീറ്റുള്ള ഒറ്റനില കെട്ടിടം

നിർമ്മിക്കുമ്പോൾ പിന്നീട് അവർക്ക് രണ്ടാമത്തെ നില പണിയണമെങ്കിൽ രണ്ട് നില കെട്ടിടത്തിന് പര്യാപ്തമായിട്ടുള്ള ഒരു അടിത്തറയും നിർമ്മിക്കാൻ കഴിയണം. ആധുനിക കാലഘട്ടത്തിൽ ഒരു ജനതയ്ക്ക് എല്ലാ വിധത്തിലുമുള്ള സാമൂഹിക ആവശ്യങ്ങളും നിറവേറ്റാനുതകുന്ന സംവിധാനങ്ങളുള്ള പൊതു ഇടങ്ങളായിത്തന്നെ ടൗൺഷിപ്പ് നിർമ്മിക്കണമെന്ന ആശയമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. രണ്ട് നിലവാരത്തിലുള്ള ആളുകളെ ഇവിടെ പുനരധിവസിപ്പിക്കേണ്ടി വരും. ഒന്നാമതായി യഥാർഥ ദുരന്തബാധിതരാണ്. അതായത്, വീടും പ്രദേശങ്ങളും കൃഷിയുമെല്ലാം നഷ്ടപ്പെട്ട് തികച്ചും ഒറ്റപ്പെട്ടവർ ഒന്നാമത്തെ ലിസ്റ്റിൽ ഉൾപ്പെടും. രണ്ടാമതായി, ബഹുമാന്യരായ പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. ജോൺ മത്തായിയുടെ നേതൃത്വത്തിൽ ഭൗമശാസ്ത്ര പഠനസംഘം 'Not to go Zone' എന്ന് പ്രഖ്യാപിച്ച പ്രദേശങ്ങളിലുള്ളവരാണ്. അതായത്, വീട് വാസയോഗ്യമാണ്, കേടുപാടുകളൊന്നുമില്ലെങ്കിലും ഇനി ആ പ്രദേശത്തേയ്ക്ക് പോകാൻ കഴിയില്ലെന്ന് നിശ്ചയിക്കപ്പെട്ടയാളുകളെ രണ്ടാമത്തെ ലിസ്റ്റിലുൾപ്പെടുത്തും. സമ്പൂർണ്ണമായി ദുരന്തത്തിൽപ്പെട്ടയാളുകളുടെ ആദ്യത്തെ

ലിസ്റ്റും ദുരന്തബാധിത പ്രദേശത്തേയ്ക്ക് പോകാൻ കഴിയാത്തവരുടെ രണ്ടാമത്തെ ലിസ്റ്റും പ്രത്യേകമായി തയ്യാറാക്കി അത് ജനങ്ങളുടെ മുമ്പാകെ പ്രസിദ്ധീകരിച്ച് ആളുകൾക്കുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളുംകൂടി കേട്ടശേഷം തുടർ നടപടികളിലേയ്ക്ക് കടക്കേണ്ടതുണ്ട്. കാരണം ഇതിന്റെ പേരിൽ യാതൊരു തർക്കവുമുണ്ടാകാൻ പാടില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അങ്ങ് സൂചിപ്പിച്ചതുപോലെ ആഗസ്റ്റ് 30 താൽക്കാലികമായ പുനരധിവാസം സാധ്യമാക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ആഗസ്റ്റ് 24-നകംതന്നെ ആയത് പൂർത്തീകരിക്കാൻ സാധിച്ചു. മാറ്റിപ്പാർപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങളുണ്ടെങ്കിൽ അത് കൈകാര്യം ചെയ്യാൻ വയനാട്ടിലെ അസിസ്റ്റന്റ് കളക്ടർ നോഡൽ ഓഫീസറായി ഒരു പ്രത്യേക സെല്ലും രൂപീകരിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നേതാക്കളുൾപ്പെടെയുള്ളവരുടെ സർവകക്ഷി യോഗം വിളിച്ചുവെന്ന് മാത്രമല്ല ഇതിനായി ധാരാളം ആളുകൾ ഇപ്പോൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുമുണ്ട്. അവിടെ ഭൂമി തിരിച്ച് കൊടുക്കേണ്ടതുണ്ടോ, സർക്കാർ

നേരിട്ട് തന്നെ നിയന്ത്രിക്കുന്ന രൂപത്തിലേയ്ക്ക് ഓരോ പ്രസ്ഥാനവും പണമടയ്ക്കേണ്ടതുണ്ടോ എന്നതുസംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി സന്നദ്ധ സംഘടനാ പ്രവർത്തകരുടെ ഒരു യോഗം വിളിച്ച് അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം പൊതുവായ ദിശയിലെത്താൻ കഴിയുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾക്ക് അതിവേഗം നേതൃത്വം നൽകിയിട്ടുണ്ട്. യാതൊരു കാലതാമസവും ഇക്കാര്യത്തിലുണ്ടായിട്ടില്ല. ദുരന്തം നടന്ന് ഇന്നേയ്ക്ക് 63 ദിവസം പിന്നിടുമ്പോൾ ഭൂമി ഏതാണെന്ന് കണ്ടെത്തുക; അവിടെ നിർമ്മിക്കേണ്ട പുതിയ ഡിസൈൻ ഏതാണ് തുടങ്ങിയവ സംബന്ധിച്ച് കഴിയുമെങ്കിൽ ഈ മാസം തന്നെ ഒരിക്കൽക്കൂടി സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ചു ചേർത്ത് അഭിപ്രായം ആരാഞ്ഞശേഷം തുടർ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകണം എന്നതന്നെയാണ് സർക്കാർ ഈ ഘട്ടത്തിൽ ആലോചിക്കുന്നത്. പുനരധിവാസ പ്രവർത്തനങ്ങൾ എല്ലാവരുടെയും പിന്തുണയോടുകൂടിയാണ് നടന്നത്. ആദ്യത്തെ ദിവസം രാവിലെ 4.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചയുടൻ പ്രതിപക്ഷ നേതാവും ഞാനുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഈ

പ്രശ്നങ്ങളിൽ എങ്ങനെയാണ് ഇടപെടേണ്ടതെന്ന ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. ഇക്കാര്യത്തിൽ എല്ലാവരും ചേർന്ന് ഒരേ മനസ്സോടെ നിൽക്കാൻ കഴിഞ്ഞാൽ ഒരുപക്ഷേ ലോകത്തിനുമുമ്പിൽ ഇതുവരെ ആർക്കും സാധ്യമല്ലാത്ത വിധത്തിലുള്ളൊരു പുനരധിവാസ പ്രവർത്തനം എല്ലാവരുടെയും സഹായത്തോടെ നിർവഹിക്കാൻ കഴിയും. ആ പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാത്ത കാര്യങ്ങളും വ്യാജ പ്രചാരണങ്ങളും പ്രസിദ്ധീകരണത്തിന് വിധേയമാക്കി കേരളം ലോകത്തിനുമുന്നിൽ അവതരിപ്പിച്ച മലയാളത്തിന്റെ നന്മയെ ഇല്ലാതാക്കാനുള്ള യാതൊരു ശ്രമങ്ങളും സാമൂഹ്യ മാധ്യമങ്ങളും ഉൾപ്പെടെ ആരുടേയും ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ലെന്ന വളരെ വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്. മരണപ്പെട്ടവരോടുള്ള എല്ലാ ആദരാഞ്ജലികളും അർപ്പിക്കുമ്പോഴും ജീവിച്ചിരിക്കുന്ന മനുഷ്യരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള മഹാപ്രയത്നത്തിന് നാം ഒരേ മനസ്സായി നേതൃത്വം നൽകുമ്പോഴും യാതൊരു കാരണവശാലും ഇത്തരത്തിലുള്ള തെറ്റായ പ്രചാരണങ്ങൾ ഉണ്ടായിക്കൂടാ. അതൊരു

ഗവൺമെന്റിന് എതിരായിട്ടല്ല, കേരളം ഉണ്ടാക്കിയെടുത്തൊരു നന്മയ്ക്കെതിരായി പ്രതിഫലിക്കുന്നതാണ്. ഒരു ഗവൺമെന്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 99 പേരുള്ള ഭരണപക്ഷമോ 41 പേരുള്ള പ്രതിപക്ഷമോ അല്ല. അത്തരം പ്രചാരണങ്ങൾ ഭരണപക്ഷവും പ്രതിപക്ഷവും പക്ഷമില്ലാത്തവരുമടക്കം മൂന്നരകോടി വരുന്ന മലയാളികളും അവരെ സഹായിക്കാൻ തീരുമാനിക്കുന്നവരും ഒത്തുചേരുന്ന ഒരു മുന്നേറ്റത്തിന് ദോഷകരമായി ഭവിക്കുമെന്നത് നാം തിരിച്ചറിയേണ്ടതുണ്ട്. മലയാളിയുടെ നന്മ തിരിച്ചറിഞ്ഞൊരു ഘട്ടമാണിത്. ജൂലൈ 30-ാം തീയതി മരണപ്പെട്ടവരുടെ മൃതശരീരങ്ങൾക്കും അംഗഭംഗം വന്നവർക്കും തലേദിവസം കിടന്നുറങ്ങുന്ന നേരത്ത് ഒരുമിച്ചുണ്ടായവരെ അന്വേഷിച്ച് നടക്കുന്നവർക്കും ഇടയിലൂടെ ആസ്റ്റർ മെഡിസിറ്റിയിൽ നടന്നുപോകവേ, ഒരു മന്ത്രിയെന്ന നിലയിലും അല്ലാതെയും ഇതുവരെയും പരിചയമില്ലാത്ത ഒരു പെൺകുട്ടി വാട്സ് ആപ്പിലൂടെ എനിക്കൊരു സന്ദേശം അയയ്ക്കുകയുണ്ടായി. ഈ സഭയിൽ അത് പറയണമെന്ന് എനിക്ക് തോന്നുന്നു. ആ സന്ദേശത്തിലുള്ളത് മൂന്ന് വരികൾ മാത്രമാണ്. എന്നെക്കാൾ പ്രായം കുറഞ്ഞതാണെങ്കിലും ഒരു

കുഞ്ഞിനെ പ്രസവിച്ചതുകൊണ്ട് അമ്മ എന്ന മഹനീയ പദത്തിന് അവകാശം കിട്ടിയൊരു പെൺകുട്ടി എഴുതിയൊരു സന്ദേശമായിരുന്നു അത്. "സർ, വാർത്തകൾ കണ്ട് കരൾ പിടയുകയാണ്. മുലകുടിക്കുന്ന കുട്ടികൾ അമ്മമാരിൽനിന്നും ഒറ്റപ്പെട്ടുവെന്ന വാർത്ത ഇപ്പോൾ ഒരു ചാനലിൽ എഴുതിക്കാണിക്കുന്നു. മുലകുടിക്കുന്ന കുട്ടികൾ അമ്മമാരിൽനിന്നും ഒറ്റപ്പെട്ടുവെന്ന വാർത്ത ശരിയാണെങ്കിൽ നിറമാറുമായി ഒരമ്മ വിളിപ്പാടകലെ കാത്തിരിക്കുന്നുണ്ടെന്ന് അങ്ങ് അവരെ അറിയിക്കണം". അതാണ് മലയാളത്തിന്റെ നന്മ. എവിടെയോ ഒരു കുട്ടി രക്തബന്ധമില്ലാത്ത, പേരോ സ്ഥലമോ അറിയാത്ത മേഖലയിലൊരു കുട്ടി മുലകുടിക്കാൻ പറ്റാതെ ഈ ദുരന്തത്തിൽ ഒറ്റപ്പെട്ടുവെന്ന് പറയുമ്പോൾ, മാറ് ചുരത്താൻ തയ്യാറായ മലയാളത്തിന്റെ മാതൃത്വത്തിനെതിരെ തെറ്റായ വാർത്തകളോ തെറ്റായ പ്രചാരണങ്ങളോ നടത്തി അവരെ ബുദ്ധിമുട്ടിക്കരുത്. നമുക്ക് ഈ പ്രവർത്തനങ്ങളിൽ ഒത്തൊരുമിച്ച് മുന്നോട്ടുപോകണം.

കേന്ദ്ര ഗവൺമെന്റിന്റെ സഹായം യഥാസമയം ലഭിക്കാൻ ആവശ്യമായിട്ടുള്ള എല്ലാ വിവരങ്ങളും സംസ്ഥാന സർക്കാർ

ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രസഹായം വൈകുന്നുവെന്ന അംഗങ്ങളുടെ അഭിപ്രായത്തോട് സർക്കാരും യോജിക്കുന്നു. പക്ഷേ, ദുരന്തത്തിന്റെ ദു:ഖത്തിലാണെങ്കിലും നമുക്കെല്ലാവർക്കും ഒരുകാര്യം ഉറപ്പിച്ച് പറയാൻ കഴിയും. നമ്മൾ ഒരേ മനസ്സായി നിന്ന് എന്ത് വിലകൊടുത്തും ചൂരൽമലയേയും അവിടത്തെ മനുഷ്യരെയും മനുഷ്യജീവിതങ്ങളെയും അവരുടെ മനസ്സിനെയും തിരിച്ചുകൊണ്ടുവരികതന്നെ ചെയ്യും. അതിന് സഹായം നൽകിയ എല്ലാ സുമനസ്സുകളോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ചതുപോലെ എല്ലാവരുടേയും ഓർമ്മകൾക്കുമുന്നിൽ ശിരസ് നമിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... വയനാട്, കോഴിക്കോട് ജില്ലകളിൽ അടുത്തകാലത്തുണ്ടായ പ്രകൃതിദുരന്തത്തിൽ മരണപ്പെട്ടവരോടുള്ള ആദരസൂചകമായി നമുക്ക് അൽപസമയം എഴുന്നേറ്റ് നിൽക്കാം.

(വയനാട്, കോഴിക്കോട് ജില്ലകളിൽ അടുത്തകാലത്തുണ്ടായ പ്രകൃതിദുരന്തത്തിൽ മരണപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു).

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും 2024 ഒക്ടോബർ 7-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഒക്ടോബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.41-ന് പിരിഞ്ഞു.)

-------------------